ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

നൻമണ്ട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി 12 /1960/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഫോൺ – 0495-2371012
ഇ-മെയിൽ – dokkd.ksad@kerala.gov.in
തീയതി – 11.10.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നൻമണ്ട ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നൻമണ്ട ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 202016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ

പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്- ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി-12/1960/2018 തീയതി – 11.10.2018

കോഴിക്കോട് ജില്ലയിലെ നൻമണ്ട ഗ്രാമപഞ്ചായത്തിന്റെ

2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് .ജില്ലയിലെ നൻമണ്ട ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഈ വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീഷ് മാവേലി പുത്തൻവീട്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.07.2018 മുതൽ 20.07.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പി.കെ.ഉണ്ണി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.സതീഷ് കുമാർ.സി.പി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പി.ഉണ്ണികൃഷ്ണൻ | അസി. ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ.ഷിബിൻ.കെ.എസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കുണ്ടൂർ ബിജു | 01.04.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | ശ്രീമതി.ഉമ.ടി | 01.04.17 മുതൽ 31.05.17 വരെ |
| | ശ്രീമതി.കെ.സതീദേവി | 01.06.17 മുതൽ 31.03.18 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. സെക്രട്ടറി | ശ്രീ.രാധാകൃഷ്ണൻ.എ.പി | 01.04.2017 മുതൽ 31.3.2018 വരെ |
| അസി.എൻജിനിയർ | ശ്രീ.ഷിനോയ് | 01.04.17 മുതൽ 16.09.17വരെ |
| | ശ്രീ.രാജേഷ്.ഇ | 17.09.17 മുതൽ 31.03.18വരെ |
| വി ഇ ഒ | ശ്രീമതി.മഞ്ജുള.പി | 01.04.17 മുതൽ 31.03.18 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.മുരളീധരൻ.എൻ | 01.04.17 മുതൽ 31.03.18വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.പ്രമീള.കെ | 01.04.17 മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | ഡോ.ജാസ്മിൻ.കെ | 01.04.17 മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ- | ഡോ.സുനില.എസ് | 01.04.17 മുതൽ |

| | | |
|---|---|---|
| ഹോമിയോ | | 02.06.17വരെ |
| | ഡോ.ദീപ വർമ്മ | 03.06.17 മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ- ആയുർവ്വേദം | ഡോ.കെ.എം.ഗോകുലൻ | 01.04.17 മുതൽ 11.07.17വരെ |
| | ഡോ.ജയപ്രഭ | 12.07.17 മുതൽ 31.03.18വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ദന | 01.04.17 മുതൽ 31.03.18വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രവീൺ | 01.04.17 മുതൽ 31.03.18വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ബിന്ദു.എൻ | 01.04.17 മുതൽ 31.03.18വരെ |

<u>ഉള്ളടക്കം</u>


| ഭാഗം -1പൊതു അവലോകനം | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തൊഴിലുറപ്പ് പദ്ധതി |

| | |
|---|---|
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ. |
| 1-10 | ആഭ്യന്തര നിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. |
| 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ. |
| ഭാഗം -2 വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി-അവലോകനം |
| 2-2 | ബഡ്ജറ്റ് രൂപീകരണത്തിൽ സമയക്രമം പാലിച്ചിട്ടില്ല |
| 2-3 | തൊഴിൽ നികുതി-പൊതു അപാകതകൾ |
| 2-4 | വാടകക്കാരുമായി കരാർ വെയ്ക്കുന്നില്ല |
| 2-5 | ഡി & ഒ ലൈസൻസ് - അപാകതകൾ |
| 2-6 | ലേലധയറി,ലേലംരജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല |
| ഭാഗം - 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം- തൃപ്തികരമല്ല. |
| 3-2 | വികസന സ്റ്റാന്റിംഗ് കമ്മിറ്റി- പ്രവർത്തനം മെച്ചപ്പെടുത്തണം. |
| 3-3 | രോഗം ബാധിച്ച തെങ്ങ് വെട്ടി മാറ്റൽ: തുടർ പദ്ധതി ആസൂത്രണം നടന്നില്ല. |
| 3-4 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, തെരുവ് വിളക്കുകൾക്ക് എ എം സി വെയ്ക്കൽ - വ്യക്തമായ കണക്കില്ലാതെ പ്രൊജക്ടുകൾ നടപ്പാക്കുന്നു. |
| 3-5 | സെന്ററിംഗ് & ഷട്ടറിംഗ് - അധിക അളവ് നൽകി |

| | |
|---|---|
| 3-6 | വനിതാ വ്യവസായകേന്ദ്രം വിവിധ പ്രൊജക്കുകളായി നടപ്പാക്കിയത്. |
| 3-7 | കുടിവെള്ള പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതാണ് |
| 3-8 | ഒരേ എസ്റ്റിമേറ്റ് ഉപയോഗിച്ച് വിവിധ വാർഡുകളിൽ റോഡ് പ്രവൃത്തി നടത്തി |
| 3-9 | ടെൻഡറിൽ തിരുത്തൽ വരുത്തി- ഗ്രാമപഞ്ചായത്തിന് നഷ്ടം |
| 3-10 | ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി |
| 3-11 | കുടിവെള്ള വിതരണം: തുടർ പദ്ധതി ആസൂത്രണം നടന്നില്ല. |
| 3-12 | പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ മെഡിക്കൽ ക്യാംപ് : ആസൂത്രണത്തിലെ അപാകത |
| 3-13 | ക്ഷേമകാര്യ സ്റ്റാൻറിങ്ങ് കമ്മിറ്റി - അവലോകനം |
| 3-14 | സാമൂഹ്യനിതി വർക്കിംഗ് ഗ്രൂപ്പ് തിരുമാനം നടപ്പാക്കിയിട്ടില്ല |
| 3-15 | ന്യൂട്രിമിക്സ് വിതരണം - ലാബ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| ഭാഗം. 4 പൊതു വിവരങ്ങളും ഒഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |

| | |
|---|---|
| 4-8 | ചാർജ്ജ് /സർച്ചാർജ്ജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 1 | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ്. |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.2017 തിയതിയിലെ 53/17 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 15.01.2018 തിയതിയിലെ തീരുമാന നമ്പർ 1 പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 14.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.06.2018-14.06.2018 | കെ.എസ്.എ.കെ.കെ.ഡി/ഇ2/1111/2018(45) തീയതി – 05.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18543045 |
| വരവ് | 60944648 |
| ആകെ | 79487693 |
| ചെലവ് | 64539869 |

| | |
|---|---|
| നീക്കിയിരിപ്പ് | 14947824 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരമുള്ളത്)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13118000 | 13118000 | 11076011 | |
| വികസനഫണ്ട് എസ്.സി.പി. | 0 | 8987508 | 8987508 | 6599674 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4946000 | 4946000 | 4788071 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3085000 | 3085000 | 2783326 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6160608 | 6160608 | 5680337 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1286818 | 1286818 | 1285289 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 67894 | 1146794 | 1214688 | 1143994 | 70694 |
| ബി ഫണ്ട് | 0 | 18564480 | 18564480 | 18564480 | 0 |
| ജനറൽ പർപ്പസ് | 8776639 | 9321000 | 18097639 | 16998142 | 1099497 |
| കെ.എൽ.എസ്.ജി.ഡി.പി. | 0 | 1286818 | 1286818 | 1285289 | 1529 |
| എസ്.ബി.ടി.സീറോ ബാലൻസ് | 16208 | 7572 | 23780 | | 23780 |
| ട്രഷറി ടി.എസ്.ബി (ജനറൽ | 8587088 | 10245941 | 18833029 | 17734777 | 1098252 |

| | | | | | |
|---|---|---|---|---|---|
| പർപ്പസ്) | | | | | |
| എസ്.ബി.ടി.പൈക്ക | 39200 | 1573 | 40773 | | 40773 |
| തനത് ഫണ്ട് | 7578284 | 7358703 | 14936987 | | 5693137 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 160 | 83 | 37 | 40 | 52% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 67894 | 1146794 | 1214688 | 1143994 | 70694 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | | | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 112080 | 191 |
| കർഷകതൊഴിലാളി പെൻഷൻ | 1991800 | 848 |
| വിധവാപെൻഷൻ | 3869000 | 947 |
| വാർദ്ധക്യകാലപെൻഷൻ | 11039800 | 1986 |
| വികലാംഗപെൻഷൻ | 883300 | 274 |
| അവിവാഹിതകൾക്കുള്ള പെൻഷൻ | 495900 | 133 |
| വിവാഹധനസഹായം | 90000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.07.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കേഷ് ബാലൻസ് നീക്കിയിരിപ്പ് ഇല്ലെന്ന് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ രശീത് പിരിവിന്റെ മേൽനോട്ടത്തിലും വരവ് രജിസ്റ്ററുകളിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്.ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ട്.നികുതി പിരിവിന്റെ അവലോകനം എല്ലാ മാസവും നടത്തുന്നുണ്ട്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.04.2018 മുതൽ 16.04.2018വരെ | 28.02.2018 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.02.2004 | 2003-04 വരെ | 632-തീയതി-22.07.2014 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. ഖണ്ഡിക 1-3ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കാൻ അവശേഷിക്കുന്നവയുടെയും ഓഡിറ്റിൽ കണ്ടെത്തിയ മറ്റ് പരാമർശങ്ങളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു. ആസ്തി രജിസ്റ്ററിൽ 2017-18 വർഷത്തിൽ ആർജ്ജിക്കപ്പെട്ട ആസ്തികൾ ചേർത്തിട്ടില്ല.

2.ട്രേഡേഴ്സ് ലിസ്റ്റ് ശരിയായ രീതിയിൽ തയ്യാറാക്കി എഴുതി സൂക്ഷിക്കാത്തതിനാൽ ഡി&ഒ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി-അവലോകനം

നൻമണ്ട ഗ്രാമ പഞ്ചായത്തിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന ചുമതലകൾ 2017-18 സാമ്പത്തിക വർഷത്തിൽ നിർവ്വഹിച്ചത് സംബന്ധിച്ച പരിശോധന നടത്തി. നികുതികളുടെയും ഫീസുകളുടെയും പ്രതിമാസ പിരിവിന്റെ അവലോകനം,പ്രതിമാസ വരവ് ചെലവുകളുടെ സംഗ്രഹം പരിശോധിക്കൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ നടത്തുന്നുണ്ട്. പ്രതീക്ഷിത വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകളുടെ അഭാവം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്,ഭരണസമിതി മിനിട്സ്, ബജറ്റ് ഫയൽ എന്നിവ പരിശോധിച്ചപ്പോൾ

ശ്രദ്ധയിൽപ്പെട്ടു.

രജിസ്റ്ററുകളുടെയും രേഖകളുടെയും കൃത്യമായ സൂക്ഷിപ്പ് ഉറപ്പ് വരുത്തുന്നതിന വേണ്ടിയുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2017-18 വർഷത്തിൽ നൽകിയിട്ടില്ല. തൊഴിൽ നികുതി,വാടക,ലേലം തുടങ്ങിയ ഇനങ്ങളിൽ രജിസ്റ്ററുകളുടെയും രേഖകളുടെയും പരിപാലനത്തിലെ പോരായ്മകളും പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങളും റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്. രജിസ്റ്ററുകളുടെയും രേഖകളുടെയും കൃത്യമായ സൂക്ഷിപ്പ് ഉറപ്പുവരുത്തിയിട്ടില്ലെങ്കിൽ നികുതി നഷ്ടം ഉണ്ടാകാനിടയുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പൊതുഭരണം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതിനായി സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇക്കാര്യം അജണ്ട വെച്ച് 01.04.17 മുതൽ 02.11.17 വരെയുള്ള യോഗങ്ങളിൽ ചർച്ച ചെയ്തതായോ അവലോകനം നടത്തിയതായോ കാണുന്നില്ല. ജനങ്ങൾക്ക് ലഭ്യമാകേണ്ട സേവനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തിന്റെ അവലോകനം നടത്തേണ്ടതാണ്.

നൻമണ്ട ഗ്രാമ പഞ്ചായത്തിലെ 2017-18 വർഷത്തെ ദൈനംദിന പണപ്പിരിവ്,ഒടുക്ക് എന്നീ പ്രവർത്തനങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിന് ഓഫീസ് ഉത്തരവ്(നം-29/2017,തീയതി-19.09.2017) പ്രകാരം അസിസ്റ്റന്റ്സെക്രട്ടറി, ജൂനിയർസൂപ്രണ്ട് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2017-18 വർഷത്തെ ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററുകൾ,രശീത് ബുക്കുകൾ എന്നിവ പരിശോധിച്ചതിൽ ദൈനംദിന പണപ്പിരിവ്, ഒടുക്ക് എന്നിവയുടെ മേൽനോട്ടം കൃത്യമായി നിർവ്വഹിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടു. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ കളക്ഷൻ രജിസ്റ്ററുകൾ,രശീത് ബുക്കുകൾ എന്നിവ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. രശീത് പിരിവിന്റെ മേൽനോട്ടം കൃത്യതയോടെ നടക്കുന്നുണ്ടോയെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തിയിട്ടില്ല.

## 2-2 <u>ബഡ്ജറ്റ് രൂപീകരണത്തിൽ സമയക്രമം പാലിച്ചിട്ടില്ല</u>

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്,വകുപ്പ് 214ഉപവകുപ്പ്(1) പ്രകാരം സർക്കാർ അതതു സമങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15 ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.ഉപവകുപ്പ് 1(എ)(1) പ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും ഈ ആക്റ്റിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും അത് പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിന മുമ്പായി പഞ്ചായത്ത് മുമ്പാകെ,അതിന്റെ ഒരു പ്രത്യേക

യോഗത്തിൽ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന വികസന ക്ഷേമപ്രവർത്തനങ്ങൾ സംബന്ധിച്ച ആമുഖ പ്രഖ്യാപനത്തിനുശേഷം,പഞ്ചായത്തിന്റെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്.എന്നാൽ നൻമണ്ട ഗ്രാമ പഞ്ചായത്തിന്റെ 2017-18 ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നിന്നും എസ്റ്റിമേറ്റുകൾ ക്ഷണിക്കാൻ തീരുമാനിക്കുന്നത് 10.02.17 ന് നടന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലാണ്.09.03.17നടന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലാണ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ സമർപ്പിച്ച ബഡ്ജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചത്.ആക്ടിൽ നിർദ്ദേശിക്കുന്ന സമയക്രമം 2017-18 ബഡ്ജറ്റ് രൂപീകരണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാലിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/17-18 തീയതി-18.07.18 ന് മറുപടി ലഭ്യമായിട്ടില്ല. വരും വർഷങ്ങളിൽ ആക്ട് ബന്ധപ്പെട്ട ചട്ടങ്ങൾ നിഷ്കർഷിക്കും വിധം മതിയായ സമയക്രമം അനുവദിച്ച് വെയ്ക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി-പൊതു അപാകതകൾ

എ)അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. എന്നാൽ നൻമണ്ട ഗ്രാമപഞ്ചായത്തിലെ ചില സ്ഥാപനങ്ങൾ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റു അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്. എന്നാൽ ചില സ്ഥാപനങ്ങൾ സമർപ്പിച്ച പത്രികകളിൽ അടിസ്ഥാന ശമ്പളത്തിന്റെയോ ആറ് മാസത്തെ ശമ്പളത്തിന്റെയോ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ശമ്പളത്തിന്റെ പൂർണ്ണ വിവരങ്ങൾ നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | ശ്രീ ശങ്കര വിദ്യാമന്ദിരം,കൊളത്തൂർ |
| 2 | മോഡേൺ ഇംഗ്ലീഷ് സ്കൂൾ |
| 3 | എഴുകുളം ക്ഷീരോൽപാദന സഹകരണ സംഘം |

| | |
|---|---|
| 4 | കുമ്മാരംപ്പൊയിൽ ക്ഷീരോൽപാദന സഹകരണ സംഘം |
| 5 | പി.ഐ.ഹോസ്പിറ്റൽ,നൻമണ്ട |
| 6 | ധനശിൽപി ചിട്ട്സ്,ബാലുശ്ശേരി മുക്ക് |
| 7 | ഫോക്കസ് പ്രൈവറ്റ് ഐ ടി ഐ,ബാലുശ്ശേരി മുക്ക് |
| 8 | മുത്തൂറ്റ് ഫിൻ കോർപ്പ് |
| 9 | കല്ലങ്കി ഫ്യുവൽസ്,നൻമണ്ട |
| 10 | കെ വി എസ് മോട്ടോഴ്സ്,ബാലുശ്ശേരി മുക്ക് |
| 11 | സ്പാക്ക് സോഫ്റ്റ് വെയർ,ബാലുശ്ശേരി മുക്ക് |
| 12 | സി.ഡി.എസ് ഓഫീസ്,നൻമണ്ട |
| 13 | ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് മീഡിയം സ്കൂൾ |

ബി)നൻമണ്ട പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | വാർഡ്/ കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 2/138 | ആദർശ് മെറ്റൽ ഇൻഡസ്ട്രിയൽ | 2 |
| 2 | 7/46 | സുധ ഫാർമസി | 2 |
| 3 | 8/619 | ശ്രീ സുധർശന മെറ്റൽ വർക്ക്സ് | 2 |
| 4 | 9/252 | കൈരളി ഹോട്ടൽ,നൻമണ്ട-13 | 5 |
| 5 | 9/357 | ആരോഗ്യ പ്രദായനി ഔഷധശാല, നൻമണ്ട | 3 |

| | | | |
|---|---|---|---|
| 6 | 6/254D | യൂറോ മാർക്കറ്റിംഗ് | 2 |
| 7 | 9/614 | പുലരി ബേക്കറി | 2 |
| 8 | 8/564 | ശ്രീകൃഷ്ണ ഹോട്ടൽ | 5 |
| 9 | 9/236 | ദേവാ കർട്ടൺ | 2 |
| 10 | 7/114 | സ്റ്റീൽ ഇന്ത്യ | 4 |
| 11 | 8/58 | മലബാർ സോ മിൽ | 4 |
| 12 | 3/233 | ശ്രേയ ഇൻഡസ്ട്രിയൽ | 2 |
| 13 | 17/500 | ജെ.ജെ.ഫാഷൻ ജ്വല്ലറി | 2 |
| 14 | 17/374A,381 | ഫെയ്മസ് ബേക്കറി & കൂൾബാർ | 3 |
| 15 | 17/41,42 | മോർ & മോർ ഫുഡ് പ്രോഡക്ട്സ് | 4 |
| 16 | 16/377 | ബ്രദേഴ്സ് ബേക്കറി & കൂൾബാർ | 2 |
| 17 | 8/55 M | ആഷിക്ക് എന്റർപ്രൈസസ് | 4 |
| 18 | 2/354 | പുതുമ ഫ്ലോർ മിൽ | 3 |
| 19 | 9/260,261 | മുനീർ ബേക്കറി | 3 |
| 20 | 6/254 A | എ ബി എസ് എന്റർപ്രൈസസ് | 3 |
| 21 | 7/473 | കാലിക്കറ്റ് ഗ്ലാസ് മാർട്ട് | 5 |
| 22 | 14/171 | ഗായത്രി ഗാർമെന്റ്സ് | 2 |
| 23 | 8/55 G | അലൻ ടയേർസ് | 2 |
| 24 | 8/369A | ആർച്ചെറി ഫർണിച്ചർ | 4 |
| 25 | 7/102 | ഓറഞ്ച് ബേക്കറി | 3 |
| 26 | 7/100A | മലബാർ ഓട്ടോ കൺസൽട്ടൻസി | 2 |
| 27 | 12/415 | ഹൈടെക് വുഡ് ഇൻഡസ്ട്രീസ് | 4 |
| 28 | 7/104,113 | വുഡ് ലാന്റ് ഫർണിച്ചർ | 3 |
| 29 | 7/182B | ടി പി മെഡിക്കൽസ് | 2 |

| | | | |
|---|---|---|---|
| 30 | 8/58 B | ചിന്നൂസ് ഹോട്ടൽ | 3 |
| 31 | 7/581,582 | അക്യുറെറ്റ് മെഡിക്കൽ ലാബോറട്ടറി | 2 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിക്കുകയോ ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി ഡിമാന്റ് റജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. 2017-18 വർഷത്തിൽ കച്ചവടക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ റജിസ്റ്ററിൽ അപൂർണ്ണമാണ്. കച്ചവടക്കാരന്റെ പേരും ഈടാക്കിയ തുകയും മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജോലി, സ്ഥാപനം, വിലാസം, അർദ്ധവാർഷികവരുമാനം, സ്ലാബ് എന്നിവ തൊഴിൽ നികുതി ഡിമാന്റ് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്,അർദ്ധവാർഷിക വരുമാനം,ഈടാക്കിയ നികുതി,രസീത് നം,തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തൊഴിൽ നികുതി നിർണ്ണയം,ഡിമാന്റ് റജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തൽ എന്നിവയുടെ മേൽനോട്ടം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായി നടത്തിക്കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് ലഭിച്ച മറുപടികൾ പ്രകാരം 2018-19 വർഷത്തിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബോധിപ്പിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിലെ അപാകത പരിഹരിക്കുന്നതോടൊപ്പം 2017-18 വർഷത്തിൽ മേൽ പരാമർശിച്ച അപാകതകളിൻമേൽ പരിശോധന നടത്തി നികുതിച്ചോർച്ച സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4 വാടകക്കാരുമായി കരാർ വെയ്ക്കുന്നില്ല

നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നുള്ള 2017-18 വർഷത്തെ വാടക വരവ് പരിശോധിച്ചതിൽ ഇക്കാര്യത്തിനായി പഞ്ചായത്ത് ബൈലോ ഉണ്ടാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. 15 മുറികളാണ് ഷോപ്പിംഗ് കോംപ്ലക്സിൽ ഉള്ളത്. തൻവർഷത്തിൽ 15 വാടകക്കാരും വാടക അടച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തുമായി കരാർ വെച്ചില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര് | വാടക |
|---|---|---|
| 1 | ബാലൻ,പൂളയിൽ ഹൗസ് | 423/- |
| 2 | സെക്രട്ടറി,നന്മണ്ട ഹൗസിംഗ് സൊസൈറ്റി | 3231/- |

കരാർ ഇല്ലാത്ത പക്ഷം ഷോപ്പിംഗ് കോംപ്ലക്സ് സംബന്ധിച്ച കോടതി വ്യവഹാരങ്ങളിലും മറ്റും പഞ്ചായത്തിന് ന്യായീകരണമില്ലാതായി തീരുന്നതാണ് എന്നത് ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ബന്ധപ്പെട്ട രജിസ്റ്ററിൽ സാമ്പത്തിക വർഷം,ബിൽഡിംഗ്/റൂം നമ്പർ,വാടകക്ക് നൽകിയ കാലയളവ് എന്നിവ മിക്ക പേജുകളിലും രേഖപ്പെടുത്തിയിട്ടില്ല. വാടകക്കാരന്റെ പേര്, വാടക, തുക അടച്ച തീയതി എന്നീ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നുള്ള വാടക വരവ് സംബന്ധിച്ച് ബൈലോ തയ്യാറാക്കൽ,വാടകക്കാരുമായി കരാർ വെയ്ക്കൽ,വാടക രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തൽ എന്നീ കാര്യങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്. അപാകതൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.21/17-18 തീയതി-20.07.18 ന് മറുപടി ലഭ്യമായിട്ടില്ല.

## 2-5 ഡി & ഒ ലൈസൻസ് - അപാകതകൾ

നൻമണ്ട ഗ്രാമപഞ്ചായത്തിലെ 2017-18 വർഷത്തിലെ ഡി & ഒ ലൈസൻസുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

1. ഹെൽത്ത് ഓഫീസർ സ്ഥല പരിശോധനയ്ക്ക് ശേഷം (തൃപ്തികരമാണെങ്കിൽ) നൽകുന്ന സാനിറ്ററി സർട്ടിഫിക്കറ്റ് കൂടാതെ അപേക്ഷകർക്ക് 13 ഡി & ഒ ലൈസൻസ് നൽകിയിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 8/619,620 | ശ്രീ സുദർശന മെറ്റൽ വർക്ക്സ് |
| 2 | 7/570 | ശങ്കർ മെഡിക്കൽസ് |
| 3 | 8/441M | മലബാർ ഹോം നീഡ്സ് |
| 4 | 9/236 | ദേവാ കർട്ടൺ |
| 5 | 8/58 | മലബാർ സോ മിൽ |
| 6 | 8/497 | അരുൺ പപ്പടം |
| 7 | 17/428,429 | മെട്രോ ലാന്റ് |
| 8 | 17/400 | അഖില ഫ്ലോർ മിൽ |
| 9 | 17/41,42 | മോർ & മോർ ഫുഡ് പ്രോഡക്ടസ് |
| 10 | 7/316 | കെ കെ സർവീസ് സ്റ്റേഷൻ |
| 11 | 7/134,135,136 | ടൈൽ ഗെയ്റ്റ് |
| 12 | 9/405 | പോപ്പുലർ ഓട്ടോ ഗാരേജ് |

| | | |
|---|---|---|
| 13 | 8/441 C,D | ഡ്യൂക്ക് കളർ വേൾഡ് |

2. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക 2,3,4 പ്രകാരം വിറ്റുവരവിനെ അല്ലെങ്കിൽ യന്ത്രത്തിന്റെ കുതിര ശക്തിയെ അടിസ്ഥാനപ്പെടുത്തിയാണ് ലൈസൻസ് ഫീ നിശ്ചയിക്കേണ്ടത്. എന്നാൽ നൻമണ്ട ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച പകുതിയോളം ഡി & ഒ അപേക്ഷകളിലും വിറ്റുവരവ് കോളം പൂരിപ്പിച്ചിട്ടില്ല. വിറ്റുവരവ് കണക്കാക്കാൻ ബുദ്ധിമുട്ടുള്ള സംഗതിയിൽ സ്ഥാപനത്തിന്റെ മൂലധനനിക്ഷേപത്തിന്റെ അഞ്ച് ശതമാനം ഒരു ദിവസത്തെ വിറ്റു വരവായി കണക്കാക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള നടപടിയും സ്വീകരിച്ചു കാണുന്നില്ല. D and O ലൈസൻസ് ഫീസ് നിർണ്ണയിക്കുന്നതും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/17-18 തീയതി-18.07.18) ലഭിച്ച മറുപടി പ്രകാരം ഭാവിയിൽ സാനിറ്റേഷൻ പരിശോധന നിർബന്ധമാക്കുമെന്നും വിറ്റുവരവ് രേഖപ്പെടുത്തുന്നത് സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ വരും വർഷങ്ങളിൽ സ്വീകരിക്കുന്നതാണെന്നും ബോധിപ്പിച്ചിട്ടുണ്ട്.

## 2-6 ലേലഡയറി,ലേലംരജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല

നൻമണ്ട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ സ്ഥലങ്ങളിലെ മേലനുഭവങ്ങളും പഞ്ചായത്ത് വക സ്ഥാപനങ്ങളും 01.04.2017 മുതൽ 31.03.2018 വരെ നടത്തുന്നതിനുള്ള അവകാശവും ലേലം മുഖേന കുത്തകക്കാരന് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചു. വിശദാംശം താഴെ കൊടുക്കുന്നു.

22.07.2017 ന് പഞ്ചായത്ത് വക കംഫർട്ട് സ്റ്റേഷന്റെ നടത്തിപ്പിന് വേണ്ടി നടത്തിയ ലേലത്തിൽ ശ്രീ.പ്രഭാകരൻ.ടി,ശ്രീ.ഭാസ്കരൻ.ടി.എന്നിവരാണ് പങ്കെടുത്തത്.650 രൂപയ്ക്കാണ് ശ്രീ. പ്രഭാകരൻ.ടി ക്ക് കംഫർട്ട് സ്റ്റേഷന്റെ നടത്തിപ്പാവകാശം നൽകിയത്.ലേലം വിളി നടത്തിയ ഉദ്യോഗസ്ഥൻ,ലേലം വിളി കേട്ട സാക്ഷി എന്നിവർ ലേല ഡയറിയിൽ പേരെഴുതി ഒപ്പുവെച്ചിട്ടില്ല.പഞ്ചായത്ത് കമ്മിറ്റി 03.03.2017 ലെ 32/17 നമ്പർ തീരുമാനമനുസരിച്ച് ലേലം അംഗീകരിച്ചു എന്ന് ലേല ഡയറിയിൽ രേഖപ്പെടുത്തിയതിനു താഴെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ലേലം രജിസ്റ്ററിൽ ലേലം നടത്തിയ ഉദ്യോഗസ്ഥൻ,ഉദ്യോഗപ്പേര്,ലേലം അംഗീകരിച്ച പഞ്ചായത്തിന്റെ തീരുമാനനമ്പർ, തീയതി, ഫയൽ നമ്പർ, സെക്രട്ടറിയുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷാവസാനം ഇത് സംബന്ധിച്ച് വരവിന്റെ വിവരം കാണിക്കുന്ന രജിസ്റ്ററിൽ വരവിന്റെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.21/17-18 തീയതി-20.07.18 ന് മറുപടി ലഭ്യമായിട്ടില്ല. ലേല ഡയറി,ലേലം രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കാൻ വേണ്ട നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വെയ്ക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം- തൃപ്തികരമല്ല.

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ പൊതുവെ ഗ്രാമസഭകളിൽ നിർദ്ദേശിക്കുന്ന എല്ലാ കാര്യങ്ങളും വിശദമായി ചർച്ച ചെയ്യുന്നില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ വിവിധ ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെടുന്ന റോഡ്, മറ്റ് കെട്ടിട നിർമ്മാണങ്ങൾ എന്നിവ വിശദമായി ചർച്ച ചെയ്ത് മുൻഗണന നിശ്ചയിക്കുന്നില്ല. അതിനാൽ ഏറ്റവും അധികം പ്രാധാന്യം കൊടുക്കേണ്ട പ്രവൃത്തികളുടെ പ്രൊജക്ട് തന്നെയാണോ മുൻഗണന ക്രമത്തിൽ തയ്യാറാക്കിയതെന്ന് പരിശോധിക്കാൻ കഴിയില്ല. പൊതുവായ നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകളിൽ നടക്കുന്നത്. റോഡുകളുടെ പ്രൊജക്ട് വാർഡടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്. സൗരോർജ്ജം ഉപയോഗപ്പെടുത്തി വിവിധ പ്രൊജക്ടുകൾ തയ്യാറാക്കാൻ നിർദ്ദേശിക്കപ്പെട്ടുണ്ടെങ്കിലും പഞ്ചായത്ത് ഓഫീസിൽ സൗരോർജ്ജം ഉപയോഗിക്കാനുള്ള പ്രൊജക്ട് തൻവർഷം തയ്യാറാക്കിയെങ്കിലും ആയത് നടപ്പാക്കിയില്ല.

കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് 2017-18 വർഷത്തിൽ 3 തവണ യോഗം ചേർന്നു. ചില നിർദ്ദേശങ്ങൾ ഈ ഗ്രൂപ്പിൽ ഉയർന്നുവന്നിട്ടുണ്ട്. എന്നാൽ വിശദമായി ഇവയുടെ സാധ്യത പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. തൻവർഷം നടപ്പിലാക്കുന്ന പ്രൊജക്ടുകളുടെ വിലയിരുത്തലും നടത്തിയിട്ടില്ല.

പട്ടികജാതി വികസനം വർക്കിംഗ് ഗ്രൂപ്പ് തൻവർഷം 8 തവണ യോഗം ചേർന്നിട്ടുണ്ട്. എന്നാലും ഈ വിഭാഗത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെട്ടില്ല. പ്രശ്നങ്ങൾക്ക് അനുസരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ആണോ നൽകിയതെന്നും വ്യക്തമല്ല. തൻവർഷം നടപ്പിലാക്കുന്ന പ്രൊജക്ടുകളുടെ വിലയിരുത്തൽ നടത്തിയിട്ടില്ല.

പ്രാദേശിക സാമ്പത്തിക വർക്കിംഗ് ഗ്രൂപ്പിൽ കൂടുതൽ വ്യവസായങ്ങൾ തുടങ്ങേണ്ടതാണ് എന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരം വ്യവസായങ്ങളുടെ സാധ്യത, നൽകുന്ന തൊഴിൽ അവസരങ്ങൾ എന്നിവ വ്യക്തമായി ചർച്ച ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിലെ യുവാക്കളുടെ തൊഴിലില്ലായ്മ നിരക്ക്, അവർക്ക് തുടങ്ങാവുന്ന സ്വയം തൊഴിൽ സംരംഭങ്ങൾ ഇതിന് ആവശ്യമായ സാമ്പത്തിക ഉറവിടം എന്നിവയൊന്നും ചർച്ച ചെയ്യപ്പെട്ടിട്ടില്ല.

മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പിൽ ഈ മേഖലയിലെ നിലവിൽ നേരിടുന്ന വെല്ലുവിളി, ഇവ പരിഹരിക്കാനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്തിന് സഹായിക്കാൻ കഴിയുന്ന മേഖലകൾ ഇവയൊന്നും ചർച്ച ചെയ്തിട്ടില്ല. ദുർബ്ബലവിഭാഗങ്ങളെ കൂടുതൽ ഈ മേഖലയിലേക്ക് ആകർഷിക്കാനും അവരുടെ ജീവിത നിലവാരം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികളും ചർച്ച ചെയ്തില്ല.

വിദ്യാഭ്യാസം, കല വർക്കിംഗ് ഗ്രൂപ്പിൽ പൊതുവിദ്യാഭ്യാസം സംരക്ഷിക്കാൻ വേണ്ട നിർദ്ദേശങ്ങൾ സ്വീകരിച്ചു എന്ന് കാണിച്ചിട്ടുണ്ടെങ്കിലും ഇവയൊന്നും വിശദമായി ചർച്ച ചെയ്തതായി കാണുന്നില്ല.

സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പിൽ വൃദ്ധൻമാരുടേയും അംഗൻവാടി കുട്ടികളുടേയും പ്രശ്നങ്ങളും

നിർദ്ദേശങ്ങളും ചർച്ച ചെയ്തിട്ടുണ്ട്. പക്ഷേ അത് പരിഹരിക്കുന്ന വിധത്തിൽ പ്രൊജക്ടുകളായി രൂപാന്തരപ്പെട്ടിട്ടില്ല. പ്രശ്നങ്ങളെ പരിഹരിക്കാവുന്ന രൂപത്തിൽ സമീപിച്ചിട്ടില്ല.

വനിതാവികസനം വർക്കിംഗ് ഗ്രൂപ്പിൽ പഞ്ചായത്തിൽ വനിതകൾ നേരിടുന്ന വെല്ലുവിളി, അതിനുള്ള പരിഹാരം അവരുടെ ക്ഷേമത്തിന് വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുക യോ ഉണ്ടായിട്ടില്ല. പകരം വ്യവസായസംരംഭങ്ങൾ തുടങ്ങാനും തൊഴിൽ യൂണിറ്റുകൾ ഉണ്ടാക്കാനുമുള്ള നിർദ്ദേശങ്ങൾ നൽകുകയുമാണ് ചെയ്തത്. ഇവ ഫലപ്രാപ്തിയിലെത്തിക്കേണ്ട സാഹചര്യങ്ങൾ ഒരുക്കുന്നതിന് ശ്രദ്ധ പതിപ്പിച്ചില്ല.

ദാരിദ്ര്യലഘൂകരണം വർക്കിംഗ് ഗ്രൂപ്പിൽ വീട് നൽകുക, ആഴ്ച ചന്തകൾ തുടങ്ങുക , വനിതകൾക്ക് സ്വയം തൊഴിലിന് ഓട്ടോറിക്ഷ നൽകുക, കുടുബശ്രീ പ്രവർത്തകർക്ക് ഓണറേറിയം നൽകുക, മഴവെള്ള സംഭരണി നിർമ്മിച്ച് നൽകുക എന്നീ നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിന്റെ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

കൃഷി വർക്കിംഗ് ഗ്രൂപ്പിൽ വിവിധ തരം കൃഷികൾക്ക് പ്രോത്സാഹനം നൽകണമെന്ന് തീരുമാനിച്ചിട്ടുണ്ട്. 30.12.2017 ന് പ്രൊജക്ടുകൾ പൂർത്തീകരിച്ചതിന്റെ വിവരം നൽകിയിട്ടുണ്ട്. ജൈവവളങ്ങളുടെ ക്വട്ടേഷൻ, സാമ്പിൾ എന്നിവ കമ്മിറ്റി പരിശോധിച്ചു. നിർദ്ദേശങ്ങൾ നൽകി. പരമ്പരാഗത നിർദ്ദേശങ്ങളും നടപ്പാക്കലുമാണ് ചെയ്തിട്ടുള്ളത്. നൂതന കാർഷിക രീതികൾ സ്വീകരിക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്തു കാണുന്നില്ല.

മേൽ പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ താഴെ പറയുന്നു.

<u>നിർദ്ദേശങ്ങൾ</u>

1) സേവന സന്നദ്ധരായ വിഷയത്തിൽ പ്രാവീണ്യമുള്ളവരെ വർക്കിംഗ് ഗ്രൂപ്പിലേക്ക് തെരഞ്ഞെടുക്കണം.

2) എല്ലാ വർക്കിംഗ് ഗ്രൂപ്പും പഞ്ചായത്തിലെ നിലവിലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം വിഷയത്തിൽ മേഖലയിലെ ശക്തിയും ദൗർല്ലഭ്യവും പഠിക്കുകയും പരിഹാര നിർദ്ദേശങ്ങൾ കണ്ടെത്തുകയും ചെയ്യുക. ഓരോ മേഖലയ്ക്കും പ്രസക്തമായ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നും തയ്യാറാക്കണം.

3) ഓരോ മേഖലയും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ, നിലവിലുള്ള വിടവുകൾ , മേഖലയുടെ വികസനത്തിനുള്ള പ്രാദേശിക സാധ്യത, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വികസന സാദ്ധ്യതകൾ നേടുന്നതിനുള്ള തന്ത്രങ്ങൾ എന്നിവ സംബന്ധിച്ച കുറിപ്പുകൾ തയ്യാറാക്കണം.

4) ഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങൾ സൂക്ഷ്മമായി പഠിച്ച് ഇവ പ്രൊജക്ടുകളായി രൂപാന്തരപ്പെടുന്നതിനുള്ള സാധ്യത പരിശോധിക്കുക. പ്രൊജക്ട് തയ്യാറാക്കുക. പ്രൊജക്ട് നടപ്പിൽ വരുത്തുമ്പോളുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, പ്രശ്നങ്ങൾ കണ്ടെത്തണം.

5) പ്രൊജക്ട് മോണിട്ടറിംഗ് നിരന്തരമായി നടത്തണം. പദ്ധതികൾ വിജയത്തിലെത്തിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകണം.

## 3-2 <u>വികസന സ്റ്റാന്റിംഗ് കമ്മിറ്റി- പ്രവർത്തനം മെച്ചപ്പെടുത്തണം.</u>

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നത് വരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിന് വേണ്ട മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്തുക, ആവശ്യമായ യോഗങ്ങൾ യഥാസമയം

വിളിച്ചുചേർക്കുക, ആവശ്യമായ തീരുമാനങ്ങൾ യഥാസമയം ഭരണസമിതിയിൽ എടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക ആവശ്യമായ നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക. വികസന കാഴ്ചപ്പാട് രേഖ തയ്യാറാക്കി ഭരണസമിതി യോഗത്തിൽ വെയ്ക്കുക പ്രൊജക്ട് പരിശോധനാ ഘട്ടത്തിൽ കാണുന്ന ന്യൂനതകൾ യഥാസമയം പരിഹരിച്ച് നൽകുക എന്നിവയാണ് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രധാന ചുമതലകൾ.

2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ വർഷത്തിലെ തുടക്കത്തിൽ സ്പിൽ ഓവർ പ്രൊജക്ടുകൾ സ്റ്റാന്റിംഗ് കമ്മിറ്റി അംഗികരിക്കുകയുണ്ടായി. എല്ലാ മാസവും സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ ചേരാറുണ്ട്. പദ്ധതികളുടെ അടങ്കൽ ഭേദഗതി ചെയ്യുന്നതിന്റെയും പ്രൊജക്ടുകൾ നിർവ്വഹണം ആരംഭിക്കാതെ നിർത്തുന്നതിന്റെയും കാരണങ്ങൾ വ്യക്തമാക്കുന്നില്ല. പ്രൊജക്ടുകൾ തയ്യാറാക്കി കഴിഞ്ഞതിനു ശേഷം ഒഴിവാക്കുന്നത് ആസൂത്രണത്തിലെ പോരായ്മയാണ്.

പൊതുമരാമത്ത് പ്രവൃത്തികളുടെ ടെൻഡർ പരിശോധനാ സമയത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമല്ല. പ്രൊജക്ടുകളുടെ നിർവ്വഹണ പുരോഗതി വർഷാവസാനം മാത്രമാണ് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻമാരെ വിളിച്ച് ചർച്ച ചെയ്യുന്നത്. ഇട സമയങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുമായി ഇത്തരം ചർച്ച നടക്കുന്നതായി കാണുന്നില്ല.

## 3-3 രോഗം ബാധിച്ച തെങ്ങ് വെട്ടി മാറ്റൽ: തുടർ പദ്ധതി ആസൂത്രണം നടന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസർ

പ്രോജക്ട് : രോഗം ബാധിച്ച തെങ്ങ് വെട്ടി മാറ്റൽ

പ്രോജക്ട് നംപർ : 170/2017-18

ബിൽ നംപർ,തുക : 3/11-09-2017, 150,000/-

പഞ്ചായത്തിലെ രോഗം ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റാനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തത്. ഇതിന്റെ അടിസ്ഥാനത്തിൽ 300 തെങ്ങുകൾ വെട്ടിമാറ്റിയതിന് ഒരു തെങ്ങിന് 500/-രൂപ നിരക്കിൽ 249 ഗുണഭോക്താക്കൾക്കായി മേൽപറഞ്ഞ ബിൽ പ്രകാരം 150,000/- രൂപ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇത്രയധികം തെങ്ങുകൾക്ക് രോഗബാധയുണ്ടായിട്ടും തുടർവർഷങ്ങളിൽ തെങ്ങുകൾക്ക് രോഗബാധനിയന്ത്രിക്കാനാവശ്യമായ പ്രോജക്ടുകളൊന്നും തന്നെ പഞ്ചായത്ത് ഏറ്റെടുക്കുകയുണ്ടായിട്ടില്ല. കൃഷി, തൊഴിലുറപ്പ് പദ്ധതി, മണ്ണ്-ജല സംരക്ഷണം മുതലായവയുടെ വർക്കിംഗ് ഗ്രൂപ്പ് 13-02-2017, 04-05-2017എന്നീ ദിവസങ്ങളിലെ മീറ്റിംഗിൽ, രോഗ കീടങ്ങളെ നിയന്ത്രിക്കാനുള്ള പ്രോജക്ടിന്റെ ആവശ്യകത ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ വെച്ചിരുന്നു. എന്നാൽ ഇവയൊന്നും തന്നെ പദ്ധതികളായിട്ടില്ല. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ അപഗ്രഥിച്ച് ഭാവനാ പൂർണമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

## 3-4 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, തെരുവ് വിളക്കുകൾക്ക് എ എം സി വെയ്ക്കൽ - വ്യക്തമായ കണക്കില്ലാതെ പ്രൊജക്ടുകൾ നടപ്പാക്കുന്നു.

നിർവ്വഹണം- സെക്രട്ടറി

| ക്രമ നം | പദ്ധതിയുടെ വിവരം | അടങ്കൽ | ചെലവ് | കുറിപ്പുകൾ |
|---|---|---|---|---|
| 1 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- 102 / 17-18 | CFC- 500000 | ബിൽ നം. 1/17-18 dtd 21.3.2018; 483600 രൂപ | ക്രൂസിൽ നിന്നും 156 LED വിളക്കുകൾ വാങ്ങി Inv.no. KREWS/GST/ 146/17-18 dtd 20.3.18 |
| 2 | തെരുവ് വിളക്കുകൾക്ക് എ എം സി 139/ 16-17; SO85/17-18 | CFC-188436 Own-111564 | Bill No. 24.3.2018 83436 രൂപ | 2016- 17 വർഷം ഇതേ പ്രൊജക്ടിന് 105000 രൂപ അനുവദിച്ചിട്ടുണ്ട്. |
| 3 | തെരുവ് വിളക്കുകൾ റിപ്പയർ 156/18 | CFC-200000 | ചെലവ് തൻവർഷം ഇല്ല | |

മുകളിൽ പറഞ്ഞ പദ്ധതികൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1) തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ 2016- 17 വർഷം മുതൽ വാങ്ങിയ തെരുവ് വിളക്കുകളുടെ കണക്ക് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. അതിനാൽ പഞ്ചായത്തിൽ ഇനം തിരിച്ചുള്ള വിളക്കുകളുടെ എണ്ണം ലഭ്യമല്ല.

2) സർക്കാർ ഉത്തരവ് (എം. എസ്) 1093/2017 തസ്വഭവ തി. 5.4.2017 പ്രാകാരം ആണ് ക്രൂസിൽ നിന്നും എൽ ഇ ഡി വിളക്കുകൾ വാങ്ങാൻ തീരുമാനിച്ചത്. ഈ ഉത്തരവിൽ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് പൂർണ്ണമായി സ്വന്തമായി ഉത്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ നേരിട്ട് വാങ്ങുന്നതിനാണ് അനുമതി നൽകിയത്. എന്നാൽ ഇൻവോയ്സിൽ നിന്നും പ്രകാരം ഇവ സ്വന്തമായി നിർമ്മിച്ചതാണോ എന്ന കാര്യം വ്യക്തമാകുന്നില്ല.

3) ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് നം. 1/17-18 dtd 21.3.2018; 483600 രൂപ ചെലവഴിച്ചെങ്കിലും ഇവ സ്ഥാപിച്ചതായി മോണിട്ടറിംഗ് സമിതിയോ കെ എസ് ഇ ബി യോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് നടത്തിയില്ല. സ്റ്റാന്റിംഗ് കമ്മിറ്റി ഇതു സംബന്ധിച്ച് പരിശോധന നടത്തിയില്ല.

5) 2016-17 വർഷത്തിൽ വാങ്ങിയ തെരുവ് വിളക്കുകളുടെ വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം | ഇനം | എണ്ണം |
|---|---|---|
| 87/16-17 | LED 12 W Automatic | 230 |
| 156/16-17 | LED 45 W | 58 |
| 15/16-17 | 2x11 W CFL | 217 |

ഇവയെല്ലാം 2017 ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് നടപ്പാക്കിയത്. എന്നാൽ ഇവ ഏത് ഇലക്ട്രിക് പോസ്റ്റുകളിലാണ് സ്ഥാപിച്ചത് എന്നതിന്റെ വിവരം വ്യക്തമാക്കിയിട്ടില്ല. ഇവയ്ക്ക് 2 വർഷ വാറന്റിയാണ് കമ്പനി നൽകുന്നതെങ്കിലും, ഈ വാറന്റി കാലാവധിയിൽ പിന്നീട് റിപ്പയർ ചെയ്തതായി കാണുന്നില്ല.

6) തെരുവ് വിളക്കുകൾക്ക് എ എം സി 139/ 16-17; SO85/17-18 എന്നീ പ്രൊജക്ടുകൾ പ്രകാരം 459 വിളക്കുകൾ (396 LED; 63 CFL) റിപ്പയർ ചെയ്ത് കാണുന്നെങ്കിലും ഏത് പോസ്റ്റുകളിലാണ് ഇവ സ്ഥാപിച്ചതെന്ന് വ്യക്തമല്ല.

7) തെരുവ് വിളക്കുകൾ സ്ഥാപിക്കുമ്പോഴും, റിപ്പയർ ചെയ്യുമ്പോഴും ഇലക്ട്രിക് പോസ്റ്റ് നമ്പർ കാണിക്കാഞ്ഞതിനാൽ തൊട്ട് മുൻവർഷം സ്ഥാപിച്ച പോസ്റ്റുകളിലെ വിളക്കുകൾ തന്നെയാണോ എ എം സി പ്രകാരം നന്നാക്കിയതെന്ന് വ്യക്തമല്ല.

8) തെരുവ് വിളക്കുകൾക്ക് എ എം സി 139/ 16-17; SO85/17-18 പ്രൊജക്ട് പ്രകാരം എ എം സി കാലാവധി ഒരു വർഷമാണെങ്കിലും ഒറ്റത്തവണ മാത്രമേ റിപ്പയർ ചെയ്തു കാണുന്നുള്ളൂ.

9) പദ്ധതി ആസൂത്രണ മാർഗ്ഗരേഖ സ. ഉ. (എം എസ്) നം 80/2017/ തസ്വഭവ തീ 3.4.2017 ഖ 12.8. 2 ൽ എൽ ഇ ഡി ലാമ്പുകൾ മറ്റു ലാമ്പുകളെ അപേക്ഷിച്ച് ആയുസ്സ് കൂടിയതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തവയുമാണ്. ആയതിന് സ്ട്രീറ്റ് ലൈറ്റിന് എൽ.ഇ.ഡി ലാമ്പുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും 2016-17 വർഷത്തിൽ വാങ്ങിയതിൽ 217 എണ്ണം സി എഫ് എൽ വിളക്കുകൾ ആണ്.

<u>ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും പോരായ്മ.</u>

1) 2017-18 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം CFL/ LED ബൾബുകൾ 925 ഉം ട്യൂബുകൾ 54 ഉം ആണ് നിലവിൽ ഉള്ളത്. ഇതിൽ 505 എണ്ണം 2016-17 വർഷത്തിൽ വാങ്ങിയതാണ്. 459 എണ്ണത്തിന് 2016-17 വർഷത്തിൽ എ എം സി വെച്ചിട്ടുണ്ട്. അതിനാൽ തുടർ വർഷങ്ങളിൽ വീണ്ടും എ. എം .സി വെയ്ക്കേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല. കാരണം 2016- 17 വർഷത്തിൽ വാങ്ങിയതിന്റെ വാറന്റി പിരീഡ് കഴിയാത്തതുകൊണ്ടു തന്നെ ഈ വിളക്കുകൾ ഫ്രീ ആയി സർവ്വീസ് ചെയ്യാവുന്നതാണ്.

2) പൊതുമരാമത്ത് - (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ ) വർക്കിംഗ് ഗ്രൂപ്പിൽ വ്യക്തമായി എത്ര തെരുവ് വിളക്കുകൾ കത്തുന്നുണ്ടെന്നോ ഇനി എത്ര എണ്ണം ആവശ്യമുണ്ടെന്നോ ചർച്ച ചെയ്തിട്ടില്ല.

3) വർക്കിംഗ് ഗ്രൂപ്പുകൾ സോളാർ എനർജി ഉപയോഗിക്കുന്ന തെരുവ് വിളക്കുകൾ സ്ഥാപിക്കണം തുടങ്ങിയ പൊതുവായ നിർദ്ദേശങ്ങൾ ആണ് നൽകുന്നത്. പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ നിലവിലെ അവസ്ഥയും ആവശ്യകതയും ചർച്ച ചെയ്യപ്പെടുന്നില്ല.

4) പ്രൊജക്ട് മോണിട്ടറിംഗ് നടത്തേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകൾ ആണ്. എന്നാൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, എ. എം. സി വെക്കൽ എന്നീ പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തിയതായി കാണുന്നില്ല.

5) സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- (102 / 17-18) എന്ന പ്രൊജക്ടിന് 483600 രൂപ ചെലവഴിച്ചെങ്കിലും ആയത് സ്ഥാപിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം കെ എസ് ഇ ബി നൽകിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തിയിട്ടുമില്ല.

6) ഓരോ വർഷം സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾക്ക് 2 വർഷം വാറന്റിയുണ്ടെങ്കിലും, തെരുവ് വിളക്കുകൾ റിപ്പയറുകൾ നടത്തുന്നതും തുടർ സേവനം നടത്തുന്നതും വാറന്റി പീരിയഡിലല്ല എന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല.

7) മുൻവർഷം പുതിയതായി സ്ഥാപിച്ച 2 വർഷം വാറന്റിയുള്ള തെരുവ് വിളക്കുകൾ തന്നെയാണോ അടുത്ത വർഷം എ എം സി മുഖേന റിപ്പയർ ചെയ്യുന്നതെന്ന് നിരീക്ഷിക്കുന്നതിന് നിലവിലെ രജിസ്റ്റർ സൂക്ഷിപ്പ് പ്രകാരം സാധ്യമല്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ഈ വിഷയം പരിശോധിക്കുന്നതായും കാണുന്നില്ല.

8) 2017-18 വർഷം ആവശ്യകത അനുസരിച്ചാണോ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്ന പ്രൊജക്ട് തയ്യാറാക്കിയത് എന്നത് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് തീരുമാനം എടുത്തില്ല.

9) എ എം സി ക്ക് ഒരു വർഷം കാലാവധി ഉണ്ടെങ്കിലും അവർ ഒരു തവണ മാത്രം സേവനം നടത്തി പണം കൈപ്പറ്റിയാൽ തുടർന്ന് വാറന്റി കാലാവധി തീരുന്ന വരെ ഇവരുടെ സേവനം ഉറപ്പ് വരുത്തുന്നില്ല. അതിനാൽ, ഗ്രാമ പഞ്ചായത്തിന് പാഴ്ചെലവ് ഉണ്ടാകുന്നു.

10) വിളക്കുകൾ സ്ഥാപിക്കുമ്പോൾ/റിപ്പയർ ചെയ്യുമ്പോൾ ഏതൊക്കെ പോസ്റ്റിലാണ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുന്നില്ല. അതിനാൽ ഇതിന്റെ ആധികാരികത വ്യക്തമല്ല. അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ (1/2017-18 dtd 12.7.2018) കെ എസ് ഇ ബി യുമായി സംയുക്ത പരിശോധന ഈ വർഷം നടത്തിയിട്ടുണ്ടെന്നും റിപ്പോർട്ട് ലഭ്യമായില്ലെന്നും

അറിയിച്ചു. കൂടാതെ തെരുവ് വിളക്കുകളുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 2017-18 ൽ വാങ്ങിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചു വരുന്നു എന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി മേൽ അപാകതകൾക്ക് വ്യക്തമായ മറുപടി തയ്യാറാക്കി വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക 483600 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-5 സെന്ററിംഗ് & ഷട്ടറിംഗ് - അധിക അളവ് നൽകി

വനിതാ വ്യവസായ കേന്ദ്രത്തിന്റെ നിർമ്മാണത്തിനുപയോഗിച്ച സെന്ററിംഗ് & ഷട്ടറിംഗ് - അധിക അളവ് രേഖപ്പെടുത്തി തുക നൽകുകയുണ്ടായി. വിശദാംശം ചുവടെ :-

| ക്രമ നം | പ്രൊജക്ടിന്റെ പേര് | പ്രൊജ. നം.വർഷം | ഫണ്ട് | ചെലവ് തുക | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | വനിതാവ്യവസായ കേന്ദ്രം- കെട്ടിട നിർമ്മാണം- | 136/ 17<br>32/18 - 25,00000 | SCP-1374300<br>Bloc-500000<br>KLG-625700 | 1174074(19/17-18)<br>625700(20/17-18) | കരാറുകാരൻ- അഷ്റഫ് വി |

വ്യവസായകേന്ദ്രം പണിയുന്നതിന് 24 കോളം നിർമ്മിക്കുകയുണ്ടായി. ഇതിന്റെ സെന്ററിംഗ് & ഷട്ടറിംഗിന് കോളത്തിന്റെ നീളത്തിനേക്കാൾ അധികം നിരക്ക് നൽകുകയുണ്ടായി.

എം ബുക്ക് നം. 320/16-17

| ഐറ്റം നം | ഇനം | അളവ് | നിരക്ക് | നൽകിയ തുക |
|---|---|---|---|---|
| 7 | Centering and shuttering including strutting etc.,<br>M B Page no. 16 | 24x1.40x3.60= 120.96<br>1x4.20x1.70= 7.14<br>1x3.00x1.20= 3.60<br>Total 131.70 | 131.70x 400<br>339.68x400<br>MB Page no. 49 | 188552.00 |
| 5 | Providing and laying in position specified grade of RCC 1:1.5:3 column | 24x0.45x0.25x3.20= 8.64<br>12x1.7x0.50x0.30x0.15= 0.46<br>1x3.00x1.20x0.12 = 0.43<br>Total = 9.53<br>MB Page no. 19 | 31.87x 7800<br>8.29x 7800<br>9.53x 7800<br>40.86x7800 | 706290.00 |

ഇവിടെ സെന്ററിംഗ് & ഷട്ടറിംഗിന് 24 കോളത്തിന്റെ നീളം 3.60 മീറ്ററാണ് നൽകിയത്. എന്നാൽ യഥാർത്ഥത്തിൽ കോളത്തിന്റെ നീളം 3.20 മീ. മാത്രമേ ഉള്ളൂ. ഇത് പ്രകാരം സെന്ററിംഗ് & ഷട്ടറിംഗിന് 40 സെന്റീ മീറ്റർ നീളത്തിന് അധികം തുക നൽകിയിട്ടുണ്ട്. ഇതിന്

അനുവദിക്കാവുന്ന തുക താഴെ ചേർക്കുന്നു.

| അനുവദിക്കാവുന്ന തുക | അനുവദിച്ചത് | അധികം നൽകിയത്. |
|---|---|---|
| 24x1.40x3.20= 107.52<br>107.52x400= 43008 | 24x1.40x3.60= 120.96<br>120.96x 400= 48384 | 48384- 43008= 5376 |

സെന്ററിംഗ് & ഷട്ടറിംഗിന് അധികം തുക അനുവദിച്ചത് ശ്രദ്ധയിൽ പെടുത്തുന്നു. അധികം നൽകിയ 5376 രൂപ അളവെടുത്ത എൻജിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 വനിതാ വ്യവസായകേന്ദ്രം വിവിധ പ്രൊജക്ടുകളായി നടപ്പാക്കിയത്.

ഗ്രാമപഞ്ചായത്തിൽ എസ് .സി. പി പദ്ധതിയിൽ ഉൾപ്പെടുത്തിയ വനിതാവ്യവയായ കേന്ദ്രം 2016-17 വർഷത്തിൽ പ്രൊജക്ട് തയ്യാറാക്കി. എന്നാൽ ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തിയല്ല പ്രൊജക്ട് പ്രാരംഭത്തിൽ തയ്യാറാക്കിയിട്ടുള്ളത് . ഈ ഒരു പദ്ധതിക്കായി 3പ്രൊജക്ടുകൾ ആണ് തയ്യാറാക്കിയത്. വിശദാംശം ചുവടെ :-

| ക്രമ നം | പ്രൊജക്ടിന്റെ പേര് | പ്രൊജ. നം.വർഷം | ഫണ്ട് | ചെലവ് തുക | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | വനിതാവ്യവസായ കേന്ദ്രം- കെട്ടിട നിർമ്മാണം- | 136/ 17<br>32/18 - 25,00000 | SCP-1374300<br>Bloc-500000<br>KLG-625700 | 1174074(19/17-18)<br>625700(20/17-18) | കരാറുകാരൻ- അഷ്റഫ് വി |
| 2 | വനിതാവ്യവസായ കേന്ദ്രം- കെട്ടിട നിർമ്മാണം- | 179/18<br>168/19 | SCP-50000<br>DP-2050000 | ഇല്ല. | കരാറുകാരൻ- പി പി മൊയ്തീൻ കോയ |
| 3 | വനിതാവ്യവസായ കേന്ദ്രം- വൈദ്യുതീകരണം | 186/18<br>169/19 | SCP-25000<br>DP-275000 | ഇല്ല | PWD Electrical |

ഈ പദ്ധതിക്കായി ഉണ്ടാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു :-

1) പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) നം. 72/2017/തസ്വഭവ. തി. 29.03.2017 ഖ. നം. 6-6, 6-7 എന്നിവ പ്രകാരം അനുസരിച്ച് നിർവ്വഹണത്തിന് ഒരു വർഷത്തിലധികം സമയം ആവശ്യമുള്ള പ്രൊജക്ടുകൾ ബഹുവർഷ പ്രൊജക്ടുകൾ ആക്കി മാറ്റാവുന്നതും, ഓരോ വർഷവും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിന് വേണ്ടി വരുന്ന അടങ്കൽ തുകയും വ്യക്തമായി രേഖപ്പെടുത്തി പ്രൊജക്ടിന്റെ മൊത്തം അടങ്കൽ തുക കണക്കാക്കുകയും,

പ്രൊജക്ടിന്റെ എല്ലാ ഘടകങ്ങളും ഒരുമിച്ച് തയ്യാറാക്കി, പരിശോധന നടത്തി സാങ്കേതികാനുമതി വാങ്ങുന്ന സമീപനം സ്വീകരിക്കുകയുമാണ് വേണ്ടത്.

2) എന്നാൽ, ഇവിടെ ആദ്യവർഷം സ്ട്രക്ചർ മാത്രം ഉണ്ടാക്കുന്ന പ്രൊജക്ട് ഉണ്ടാകുകയും തുടർ വർഷത്തിൽ കെട്ടിട നിർമ്മാണ പൂർത്തീകരണത്തിനും, വൈദ്യുതീകരണത്തിനും പ്രൊജക്ട് വെയ്ക്കുകയുമാണ് ചെയ്തത്.

3) 2016-17 വർഷത്തിൽ ആരംഭിച്ച ഒന്നാമത്തെ പ്രൊജക്ട് 2017-18 വർഷത്തിലാണ് പൂർത്തിയാക്കിയത്. മറ്റ് പ്രൊജക്ടുകൾ 2017-18 വർഷത്തിൽ തയ്യാറാക്കിയെങ്കിലും നിർവ്വഹണം നടത്തിയില്ല.

ആസൂത്രണത്തിലെ പോരായ്മകൾ

1) വർക്കിംഗ് ഗ്രൂപ്പ് മേൽ പരാമർശിച്ച പ്രകാരം എല്ലാ പ്രവൃത്തി ഇനങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ബഹുവർഷ പ്രൊജക്ടായി രൂപപ്പെടുത്താതെ ആദ്യവർഷം ഫണ്ടിനനുസരിച്ച് സ്ട്രക്ചർ മാത്രമുള്ള പ്രൊജക്ടായി രൂപപ്പെടുത്തി. തുടർ വർഷങ്ങളിൽ ഉൾപ്പെടുത്താത്ത ഇനങ്ങൾക്കായി വീണ്ടും പ്രൊജക്ട് തയ്യാറാക്കി.

2) ബഹുവർഷ പ്രൊജക്ടായി രൂപപ്പെടുത്തിയിരുന്നെങ്കിൽ 2016-17, 2017- 18 വർഷത്തോടെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമായിരുന്നു.

3) മൂന്ന് പ്രൊജക്ടായി തയ്യാറാക്കിയതിനാൽ നാളിതുവരെയും പ്രൊജക്ട് പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

4) 2017-18 വർഷത്തിൽ രൂപീകരിച്ച പ്രൊജക്ടുകൾ ടെൻഡർ ചെയ്തത് 31.3.2018 നാണ്. തൻമൂലം ആ വർഷം നിർമ്മാണം ഒന്നും നടന്നില്ല.

5) മൂന്ന് പ്രൊജക്ടുകളാക്കി നിർവഹിക്കപ്പെട്ടതിനാൽ ടെൻഡറിന്റെ ചെലവ്, സമയം, മനുഷ്യാദ്ധ്വാനം എന്നിവ അനാവശ്യമായി വന്നു.

6) സ്റ്റാന്റിംഗ് കമ്മിറ്റി ഇത്തരം കാര്യങ്ങൾ പരിശോധിച്ചില്ല. അതിനാൽ 2017-18 വർഷത്തിൽ സ്ട്രക്ചർ ആയ പ്രൊജക്ട് തുടർ നടപടികൾ ഇല്ലാതെ വെറുതെ കിടക്കുന്നു.

7) ആദ്യത്തെ കരാറുകാരൻ തന്നെ പ്രവൃത്തി ഒറ്റ പ്രൊജക്ടായി ഏറ്റെടുത്തിരുന്നെങ്കിൽ 2017- 18 വർഷത്തിൽ നിർമ്മാണം പൂർത്തീകരിക്കുമായിരുന്നു. എന്നാൽ ഇപ്പോഴും പൂർത്തിയാക്കാതെ കിടക്കുന്നു.

വലിയ കെട്ടിട നിർമ്മാണം പോലെയുള്ള പ്രൊജക്ടുകൾക്ക് ബഹുവർഷ പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതും, പാഴ്ചെലവ് കുറക്കേണ്ടതുമാണ്. സമയബന്ധിതമായി കെട്ടിടം നിർമ്മിച്ച് പ്രൊജക്ട് ലക്ഷ്യം നിർവ്വഹിക്കേണ്ടതാണ്. ഇത്തരം വിഷയങ്ങളിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണ സമിതിയുടേയും സജീവ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് മുൻഗണന നൽകിയില്ല.

2017- 18 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കുടിവെള്ള പദ്ധതികൾ ഒന്നും തൻവർഷം പൂർത്തിയായില്ല. ഇവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്, നമ്പർ | അടങ്കൽ- ഫണ്ട് ഇനം | ചെലവ് |
|---|---|---|---|
| 1 | ഇരിങ്ങത്ത് മീത്തൽ കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ- 138/18 | 200000; SCP | ഇല്ല |
| 2 | പാറയിലകത്തൂട്ട് കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ- 145/18 | 150000; MG NR | ഇല്ല |
| 3 | മണ്ണാർക്കത്തൂട്ട് കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ- 184/18 | വി ഫ 150000 | ഇല്ല |
| 4 | പെരിങ്ങോട്ട് മല കുടിവെള്ള പദ്ധതിക്ക് അറ്റകുറ്റപ്പണി- 161/18 | തനത്- 25000 | ഇല്ല |
| 5 | പൂക്കുന്ന് മല കുടിവെള്ള പദ്ധതിക്ക് മോട്ടോർ അറ്റകുറ്റപ്പണി- 160/18 | തനത്- 25000 | ഇല്ല |

മേൽ കുടിവെള്ള പദ്ധതികൾക്ക് തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഈ പദ്ധതികളുമായി ബന്ധപ്പെട്ട ഗ്രാമസഭാ, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്, നമ്പർ | ഗ്രാമസഭാ തീരുമാനം | വർക്കിംഗ് ഗ്രൂപ്പ് തീരുമാനം |
|---|---|---|---|
| 1 | ഇരിങ്ങത്ത് മീത്തൽ കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ- 138/18 | 2017-18 പദ്ധതി ആസൂത്രണ ഗ്രാമസഭ യിൽ നിർദ്ദേശങ്ങൾ ലഭിച്ചു. | ഈ നിർദ്ദേശങ്ങൾ ഒന്നും കുടിവെള്ളം ശുചിത്വം വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്യപ്പെട്ടിട്ടില്ല. |
| 2 | പാറയിലകത്തൂട്ട് കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ- 145/18 | ഗ്രാമസഭയിൽ നിർദ്ദേശങ്ങൾ ഇല്ല. | |

| | | | |
|---|---|---|---|
| 3 | മണ്ണാർക്കത്തുട്ട് കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ- 184/18 | 2017-18 പദ്ധതി ആസൂത്രണ ഗ്രാമസഭ യിൽ, ഈ കുടിവെള്ള പദ്ധതിയിൽ പുതുക്കുടി മീത്തൽ പിലാത്തോട്ടം ഭാഗത്ത് ഒരു ടാങ്ക് കൂടി സ്ഥാപിക്കണം എന്ന് നിർദ്ദേശിക്കപ്പെട്ടു. എന്നാൽ, ഇതിന്റെ മോട്ടോർ മാറ്റിവെയ്ക്കുന്ന പ്രവൃത്തിയാണ് പ്രൊജക്ട് തയ്യാറാക്കിയത്. | |
| 4 | പെരിങ്ങോട്ട് മല കുടിവെള്ള പദ്ധതിക്ക്മോട്ടോർ അറ്റകുറ്റപ്പണി- 161/18 | കിണർ മൂടിയ സ്ലാബ് മുറിച്ച് കിണർ വൃത്തിയാക്കുക. ചെലവ് വാട്ടർ അതോറിറ്റിയിൽ നിന്ന് ഈടാക്കുക. പകരം മോട്ടോർ അറ്റകുറ്റപ്പണിക്ക് പ്രൊജക്ട് തയ്യാറാക്കി. | |
| 5 | പൂക്കുന്ന് മല കുടിവെള്ള പദ്ധതിക്ക് മോട്ടോർ അറ്റകുറ്റപ്പണി- 160/18 | 2017-18 പദ്ധതി ആസൂത്രണ ഗ്രാമസഭ യിൽ നിർദ്ദേശങ്ങൾ ലഭിച്ചു. | |

പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) ഗ്രാമസഭാ നിർദ്ദേശങ്ങൾ വേണ്ടത്ര രീതിയിൽ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്യപ്പെടുന്നില്ല.

2) ഗ്രാമസഭയിൽ നിർദ്ദേശിക്കുന്ന കാര്യങ്ങളല്ല പ്രൊജക്ടായി രൂപപ്പെടുന്നത്.

3) വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ടുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള പ്രവൃത്തികൾ വർക്കിംഗ് ഗ്രൂപ്പ് ഏറ്റെടുത്തതായി കാണുന്നില്ല.

4) കുടിവെള്ളത്തെ പോലുള്ള പ്രധാനപ്പെട്ട പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.

5 വികസനസ്റ്റാന്റിംഗ് കമ്മിറ്റി ഇത്തരം പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചതായി കാണുന്നില്ല.

6) സ്റ്റാന്റിംഗ് കമ്മിറ്റികളെ ഏകോപിപ്പിക്കുകയും മോണിട്ടർ ചെയ്യുകയും ചെയ്യുന്നതിൽ സ്റ്റിയറിംഗ് കമ്മിറ്റിയുടെ (കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 162 ബി 2 ) പ്രവർത്തനം ഊർജിതമാക്കേണ്ടതാണ്.

മേൽ പ്രതിപാദിച്ച വിഷയങ്ങളിൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ സജീവ ശ്രദ്ധ ക്ഷണിക്കുന്നു. അപാകതകൾ പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ഒരേ എസ്റ്റിമേറ്റ് ഉപയോഗിച്ച് വിവിധ വാർഡുകളിൽ റോഡ് പ്രവൃത്തി നടപ്പാക്കി.

ഗ്രാമപഞ്ചായത്തിൽ ഒരേ എസ്റ്റിമേറ്റ് ഉപയോഗിച്ച് വിവിധ വാർഡുകളിൽ റോഡ് പ്രവൃത്തി നടത്തിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ യാതൊരുവിധ മാറ്റങ്ങൾ വരുത്താതെയാണ് ഈ റോഡ് പ്രവൃത്തികളെല്ലാം ടെൻഡർ ചെയ്തത്. അതിനാൽ ഓരോ പ്രദേശവും വിശദമായി പരിശോധിച്ചിട്ടല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് കാണാം. 4 പ്രവൃത്തികൾ ഇത്തരത്തിൽ നടത്തിയിട്ടുണ്ട്. വിശദാംശം ചുവടെകൊടുക്കുന്നു.

എസ്റ്റിമേറ്റ്

| Item no | Description | Quantity | Rate | Amount |
|---|---|---|---|---|
| 1 | Wet Mix Mecadam – 160x3.000x0.150 | 72.000cum | 3089.51 | 222444.72 |
| 2 | Granular sub-base... 160x3.000x0.100 | 48.000 cum | 2201.93 | 105692.64 |
| 3 | Prime coat...- 160x3.000 | 480.000 sqm | 39.23 | 18830.40 |
| 4 | Tack coat ...- 160x3.000 | 480.000 sqm | 13.45 | 6456.00 |
| 5 | Mix seal surfacing..- 160x3.000 | 480.000 sqm | 204.74 | 98275.20 |
| 6 | Compacting original ground..- 160x3.000x0.150 | 72.000cum | 11.79 | 848.88 |
| | Total with Service tax | | | 452547.84 |
| | GST and Tax | | | 47452.00 |
| | Total | | | 500,000 |

ഈ എസ്റ്റിമേറ്റ് അനുസരിച്ചാണ് താഴെ പറയുന്ന പ്രവൃത്തികളിലെല്ലാം റോഡ് പണി നടത്തിയത്. ഒരു എസ്റ്റിമേറ്റ് റിപ്പോർട്ടിലും സ്ഥലം, വാർഡ് എന്നിവ വ്യക്തമാക്കിയിട്ടില്ല. റോഡിന്റെ പേര് മാത്രം ഉൾപ്പെടുത്തിയതായി കാണുന്നുള്ളൂ.

| ക്രമ നം | പ്രവൃത്തിയുടെ പേര് - മറ്റു വിവരം | കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത തുക | ബിൽ തുക | കുറിപ്പുകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കുണ്ടോളംകണ്ടി പേരാറ്റം പൊയിൽ റോഡ്- 98/18<br>F C – 500000; M book 49/ 16- 17 | 442990 | 500000 | 490000 കരാറുകാരന് നൽകി |
| 2 | മാപ്പിള സ്കൂൾ സബ്സെന്റർ റോഡ് 92/18<br>F C – 500000; M book 8/ 16- 17 | 442999 | 500000 | 490000 കരാറുകാരന് നൽകി |
| 3 | തോട്ടോളി മീത്തൽ കൊല്ലിയിൽ താഴം റോഡ്- 89/18<br>F C – 500000; M book 50/ 16- 17 | 442989 | 493672 | 483798 കരാറുകാരന് നൽകി. |
| 4 | മണ്ണനാടത്ത്മുക്ക്- പെരിങ്ങോട്ട് മല റോഡ്- 83/18<br>F C – 500000; M book 50/ 16- 17 | 442989 | 477326 | 468058 കരാറുകാരന് നൽകി. |

പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട് പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1) എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തിയത് പി പി മൊയ്തീൻ കോയ എന്ന കരാറുകാരനാണ്.

2) എല്ലാ പ്രവൃത്തികളും ഏറ്റെടുത്തത് 4,42,999 രൂപയോട് അടുത്താണ്. എന്നാൽ മുഴുവൻ പ്രവൃത്തികളും എസ്റ്റിമേറ്റിൽ പറഞ്ഞതിനേക്കാൾ കൂടുതൽ ചെയ്യുകയും ആ തുക മുഴുവൻ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. ജി എസ് ടി ക്ക് വകയിരുത്തിയിരിക്കുന്ന 47452.00 രൂപ കൂടി കരാറുകാരന് അധികം ചെയ്ത പ്രവൃത്തിക്ക് നൽകിയിട്ടുണ്ട്.

3) ചില ഇനങ്ങൾ എസ്റ്റിമേറ്റിനേക്കാൾ 5% -ൽ അധികം ചെയ്തിട്ടുണ്ട്. ഇതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഇതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല.

4) വിവിധ സ്ഥലങ്ങളുടെ വൈറ്റ് കണ്ടീഷൻ അനുസരിച്ച് എസ്റ്റിമേറ്റിൽ മാറ്റം വരാതെ എല്ലാ റോഡുകളും ഏതാണ്ട് ഒരേപോലെ ചെയ്തു എന്നത് അന്വേഷണവിധേയമാക്കേണ്ടതാണ്.

ആസൂത്രണത്തിലെ പോരായ്മകൾ

1) പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ ഓരോ റോഡിന്റേയും ഏത് ഭാഗത്താണ് ടാറിംഗ് എന്ന് വ്യക്തമാക്കിയിട്ടില്ല. റോഡിന്റെ അവസ്ഥ വിശദമായി ചർച്ച ചെയ്തിട്ടില്ല.

2)എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഏത് വാർഡാണെന്ന് രേഖപ്പെടുത്താത്തതിനാൽ ഗ്രാമസഭയിൽ ചർച്ച നടന്നോ എന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല.

3) ഒരേ എസ്റ്റിമേറ്റിൽ വിവിധ റോഡ് പ്രവൃത്തികൾ ചെയ്തതിനാൽ റോഡിന്റെ യഥാർത്ഥ അവസ്ഥ പരിഗണിക്കാതെ വാർഡടിസ്ഥാനത്തിൽ ഫണ്ട് വിഭജിച്ച് റോഡ് പ്രവൃത്തി നടത്തിയിട്ടുണ്ടോ എന്ന് അന്വേഷണവിധേയമാക്കേണ്ടതാണ്.

4) 16.5.2017 ലെ അതിനു മുമ്പോ ശേഷമോ നടന്ന ഒരു വർക്കിംഗ് ഗ്രൂപ്പിലും ഏതൊക്കെ റോഡുകൾ തൻവർഷം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന വിഷയം ചർച്ച ചെയ്തിട്ടില്ല. പകരം പൊതുവായ കാര്യങ്ങൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തത്.

5) ഇത്തരം കാര്യങ്ങൾ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിക്കുകയോ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു. പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ടെൻഡറിൽ തിരുത്തൽ വരുത്തി- ഗ്രാമപഞ്ചായത്തിന് നഷ്ടം

കരാറുകാരൻ സമർപ്പിച്ച ടെൻഡറിൽ വെട്ടിത്തിരുത്തൽ വരുത്തിയതിനാൽ പഞ്ചായത്തിന് നഷ്ടം വന്നതായി കാണുന്നു. വിശദാംശം താഴെ :-

പ്രൊജക്ട്- പരലാട്ട് താഴം നേഷനൽ സ്കൂൾ റോഡ്

പ്രൊജക്ട് നം.- 127/17

അടങ്കൽ- 500000 രൂപ (ലോകബാങ്ക് സഹായം)

എസ്റ്റിമേറ്റ്-പി എ സി- 465491 രൂപ

ചെലവ്- ബിൽ നം. 3/17-18തി. 26.7.2017 – 324925രൂപ

പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

ഈ പ്രൊജക്ടിന്റെ ടെൻഡർ 20.12.2016 നാണ് ക്ഷണിച്ചത്. ടെൻഡറിൽ രണ്ട് കരാറുകാർ പങ്കെടുത്തു. ഇവർ രണ്ടു പേരും ടെൻഡറിൽ ആദ്യം രേഖപ്പെടുത്തിയത് വെട്ടിത്തിരുത്തൽ വരുത്തി വീണ്ടും നിരക്ക് മാറ്റി രേഖപ്പെടുത്തിയതാണ് കാണുന്നത്.

| ക്രമ നം | കരാറുകാരന്റെ പേര് | ആദ്യം ടെൻഡറിൽ രേഖപ്പെടുത്തിയത് | പിന്നീട് വെട്ടി തിരുത്തി മാറ്റൽ വരുത്തിയത് | കുറിപ്പുകൾ |
|---|---|---|---|---|
| 1 | അനിൽ കുമാർ ബാബു ടി കെ | 12.7 % കുറവ് | 1% കൂടുതൽ | |

| | | | | |
|---|---|---|---|---|
| 2 | പി പി മൊയ്തീൻ കോയ | 18.1 % കുറവ് | എസ്റ്റിമേറ്റ് നിരക്ക് | |

1) തിരുത്തൽ വരുത്തിയ നിരക്കാണ് അസിസ്റ്റന്റ് എൻജിനിയർ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തിയത്. രണ്ട് പേരും ടെൻഡർ ആദ്യമായി സമർപ്പിക്കുമ്പോൾ തിരുത്തൽ വരുത്തിയിട്ടാണ് സമർപ്പിച്ചത് എന്ന് ബോധ്യപ്പെടുത്തുന്നതിന് കരാറുകാരൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കേരള പൊതുമരാമത്ത് മാന്വൽ (ജി.ഒ. (പി)13/12/പി.ഡബ്ല്യു.ഡി. തി. 01.2.2012) വകുപ്പ് സെക്ഷൻ 2009 (2) പ്രകാരം ഇത് ടെണ്ടറിലെ നിസ്സാര തെറ്റുകളിൽ ഉൾപ്പെടുന്നതല്ല.

2) അസിസ്റ്റന്റ് എൻജിനിയർ അല്ലാതെ മറ്റ് ബന്ധപ്പെട്ടവർ ടെൻഡർ തുറക്കുമ്പോൾ ഉള്ളതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) ടെൻഡർ തുറക്കുമ്പോൾ സ്റ്റാന്റിംഗ് കമ്മിറ്റി അവരുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തിയതായും ക്രമക്കേടുകൾ സംഭവിക്കാനുള്ള സാധ്യത ഒഴിവാക്കിയതായും കാണുന്നില്ല.

4) പദ്ധതിയുടെ നടത്തിപ്പിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തുടക്കം മുതലേ ശ്രദ്ധ വരുത്തിയതായി തോന്നുന്നില്ല. ഇത്തരം അപാകതകൾ ഇല്ലാതെയാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമല്ല.

ടെൻഡർ തുറക്കുമ്പോൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, സെക്രട്ടറിയുടേയും സാന്നിദ്ധ്യം ഉറപ്പ് വരുത്തേണ്ടതും ക്രമക്കേട് ഉണ്ടാകാനുള്ള എല്ലാ സാധ്യതകളും ഒഴിവാക്കേണ്ടതുമാണ്.

## 3-10 ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി

ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി 2017-18ൽ 13 തവണ യോഗം ചേരുകയുണ്ടായി. മഴക്കാല പൂർവ്വ രോഗപ്രതിരോധത്തെക്കുറിച്ചും പൊതുവെ ആരോഗ്യമേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് വ്യക്തമായ അവബോധത്തോടെ കാര്യങ്ങളെ സമീപിച്ചിട്ടുണ്ട്. അതുപോലെ വിദ്യാഭ്യാസ മേഖലയിലെ വിഷയങ്ങൾ നിരന്തരം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലെ ശുചിത്വ പരിപാലനത്തിനും മുഴുവൻ സ്ഥാപനങ്ങൾക്കും ഡി & ഒ ലൈസൻസ് നിർബന്ധമാക്കുന്നതിനും ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി മുൻകൈ എടുത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ വേനൽക്കാലത്തെ കുടിവെള്ള ക്ഷാമത്തെക്കുറിച്ച് തീരുമാനങ്ങളോ നിർദ്ദേശങ്ങളോ ഉണ്ടായിട്ടില്ല.

## 3-11 കുടിവെള്ള വിതരണം: തുടർ പദ്ധതി ആസൂത്രണം നടന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ : സെക്രട്ടറി

പ്രോജക്ട് : വരൾച്ചാ ദുരിതാശ്വാസം-കുടിവെള്ള വിതരണം

പ്രോജക്ട് നംപർ : 10/2017-18

ബിൽ നംപർ,തുക : 9/29-08-2017, 500,000/-

10/29-08-2017, 500,000/-

26/23-03-2018, 250,000/-

27/23-03-2018, 250,000/-

ഗ്രാമപഞ്ചായത്തിലെ വേനൽക്കാലത്തെ രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പ്രതിവിധിയായി പഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തിയിട്ടുണ്ട്. ഇതിനായി മേൽ പരാമർശിച്ച ബില്ലുകൾ പ്രകാരം 1500,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. പത്രത്തിൽ പരസ്യം നൽകി ടെണ്ടർ നടപടിയിലൂടെയാണ് കുടിവെള്ള വിതരണത്തിന് കരാറുകാരനെ തിരഞ്ഞെടുത്തത്. ടെണ്ടറിൽ പങ്കെടുത്ത് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (ലിറ്ററിന് 49 പൈസ വീതം ക്വോട്ട് ചെയ്ത)സഫ്നാസ്,നജീബ് എന്നിവർ 23-03-2018ന് വെള്ളം വിതരണം ചെയ്യുന്നതിൽ നിന്ന് പിൻമാറുകയാണെന്ന് അറിയിക്കുകയും തുടർന്ന് ലിറ്ററിന് 68 പൈസ നിരക്കിൽ നിഖിൽ.കെ.എൻ ന് വെള്ളം വിതരണം ചെയ്യുന്നതിന് ഓർഡർ നൽകുകയും ചെയ്തു.

പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടെണ്ടർ നടപടിക്രമത്തിലൂടെയാണ് കരാറുകാരെ തെരഞ്ഞെടുത്തിട്ടുള്ളതെങ്കിലും ടെണ്ടറിൽ പങ്കെടുത്ത കരാറുകാരിൽ നിന്നും ടെണ്ടർ ഫോറം വില ഈടാക്കിയിട്ടില്ല. 15,00,000/-രൂപയുടെ 0.15% 2300/-രൂപ ഈ ഇനത്തിൽ ഈടാക്കേണ്ടതായിരുന്നു. (മൂന്നുപേരിൽ നിന്നും ആകെ 6900/-രൂപ)

2) ഇ.എം.ഡി സ്വീകരിച്ചിട്ടില്ല. ഇവരിൽ നിന്നും 15,00,000/-രൂപയുടെ 1% 15000/-രൂപ ഇ.എം.ഡി സ്വീകരിക്കേണ്ടതായിരുന്നു. ഇ.എം.ഡി സ്വീകരിച്ചിക്കേണ്ടത് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത് ടെണ്ടറിൽ നിന്നും പിൻമാറിയ നേടിയ സഫ്നാസ്,നജീബ് എന്നിവരിൽ നിന്നും ഇ.എം.ഡി തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതുമായിരുന്നു.

3) പ്രാഥമിക എഗ്രിമെന്റ് ചമച്ചില്ല. ഇതു കാരണം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത് പിൻമാറിയവർക്കെതിരെ നിയമ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല.

4) വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് ചെയ്തിട്ടില്ല.വിവിധ സ്ഥലങ്ങളിൽ വെള്ളം വിതരണം ചെയ്തതിന്റെ കൃത്യത വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് ചെയ്ത് ഉറപ്പുവരുത്തിയില്ല.

1,2 അപാകതകൾ കാരണം പഞ്ചായത്തിന് നഷ്ടം സംഭവിച്ച 21900/- (6900+15000) സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>തുടർവർഷങ്ങളിൽ വരൾച്ചയെ നേരിടാനാവശ്യമായ നടപടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നില്ല</u>

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം വേനൽക്കാലത്ത് കുടിവെള്ള ദൗർലഭ്യം നേരിടുന്ന പഞ്ചായത്ത് തുടർവർഷങ്ങളിൽ ഈ സാഹചര്യം മറികടക്കാനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിയില്ല.വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ നിരവധി പദ്ധതികളെക്കുറിച്ച് നിർദ്ദേശങ്ങൾ ഉയർന്നു വന്നെങ്കിലും അതൊന്നും പ്രാവർത്തികമയിട്ടില്ല. ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പഞ്ചായത്തിലെ വേനൽക്കാലത്തെ കുടിവെള്ള ക്ഷാമത്തെക്കുറിച്ച് തീരുമാനങ്ങളോ നിർദ്ദേശങ്ങളോ ഉണ്ടായിട്ടില്ല.കുടിവെള്ളത്തിന് ഇത്രയും ക്ഷാമമനുഭവപ്പെടുന്ന പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിൽവരുത്തേണ്ട 2017-18ലെ 7 കുടിവെള്ള പ്രോജക്ടുകൾക്ക് വകയിരുത്തിയ തുക ചെലവഴിക്കപ്പെട്ടിട്ടില്ലയെന്നത് ഗൗരവതരമാണ്.കുടിവെള്ളപ്രശ്നം

അതിരൂക്ഷമായ പ്രദേശങ്ങൾ തെരഞ്ഞെടുത്ത് അത് മറികടക്കാനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിയില്ലെങ്കിൽ തുടർവർഷങ്ങളിലും ഇതുപോലെ ഭീമമായ തുക കുടിവെള്ളവിതരണത്തിനായി ചെലവഴിക്കേണ്ടി വരും. മേൽ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ മെഡിക്കൽ ക്യാംപ് : ആസൂത്രണത്തിലെ അപാകത

നിർവ്വഹണ ഉദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ (ആയുർവേദം)

പ്രോജക്ട് : പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ മെഡിക്കൽ ക്യാംപ്

പ്രോജക്ട് നംപർ : 74/2017-18

ബിൽ നംപർ,തുക : 2/19-10-2017, 50,000/-

പഞ്ചായത്തിലെ 5 പട്ടികവർഗ്ഗ കോളണികളിൽ 60 വയസ്സ കഴിഞ്ഞ വൃദ്ധർക്ക് മെഡിക്കൽ ക്യാംപ് നടത്തി മരുന്നു നൽകാനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ഇതിൻെ അടിസ്ഥാനത്തിൽ മരുന്ന് വിതരണത്തിനായി 50,000/-രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട്. ഈ പ്രോജക്ട് നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ കാണിക്കുന്നു.

1) ക്യാംപിൽ എത്തുന്ന രോഗികൾക്ക് നൽകാനുള്ള മരുന്ന് നിശ്ചയിച്ച്,19-10-2017 ന് തന്നെ മേൽ ബിൽ പ്രകാരം മാറിയ 50,000/-രൂപ ഔഷധിക്ക് കൈമാറിയെങ്കിലും രോഗനിർണ്ണയം നടത്താനായി മെഡിക്കൽ ക്യാംപ് നടത്തിയത് 1-02-2018 നം17-03-2018നം ഇടയിലുള്ള 8 ദിവസങ്ങളിലാണ്. മെഡിക്കൽ ക്യാംപിലെത്തുന്ന രോഗികളെ പരിശോധിച്ച് രോഗനിർണ്ണയം നടത്തി ആവശ്യമായ മരുന്നുകൾ നൽകേണ്ടതിന് പകരം മുൻകൂട്ടി നിശ്ചയിച്ച് ഓഡർ നൽകിയ മരുന്നുകൾ ക്യാംപിലെത്തുന്ന രോഗികൾക്ക് വിതരണം നടത്തുകയാണുണ്ടായത്.

2) മരുന്ന് ആവശ്യമായ രോഗികളുടെ വിശദാംശം തയ്യാറാക്കിയിട്ടില്ല.

3) മരുന്നുകൾ വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല.

ആസൂത്രണം ചെയ്ത പ്രോജക്ട് പ്രാവർത്തികമാക്കിയതിലെ പാകപ്പിഴ

ഈ പദ്ധതി പ്രാവർത്തികമാക്കിയപ്പോൾ ഉദ്ദേശിച്ച ഫലം ലഭ്യമാവാതിരിക്കാൻ കാരണം, ക്യാമ്പുകൾ നേരത്തേ നടത്തി ക്യാമ്പ് റിപ്പോർട്ടിനനുസരിച്ച് മരുന്നുകൾ ലഭ്യമാക്കാത്തതാണ്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി 07-08-2017ലെ മീറ്റിംഗിൽ പട്ടികവർഗ സങ്കേതങ്ങളിലെ മെഡിക്കൽ ക്യാംപുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ പ്രമോട്ടർമാരുടേ യോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ പട്ടികവർഗ്ഗസങ്കേതങ്ങളിലെ മെഡിക്കൽ ക്യാംപ് സംഘടിപ്പിക്കുന്നതിനാവശ്യമായ തുടർ പ്രവർത്തനങ്ങൾ ഉണ്ടായിരുന്നില്ല.

അതാതു സമയം രോഗികളായവർ ആശുപത്രികളിൽ വന്ന് രോഗനിർണ്ണയം നടത്തി ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നത് പോലെയല്ല ഒരു പ്രത്യേക ദിവസം നടക്കുന്ന മെഡിക്കൽ ക്യാമ്പുകളിലെത്തുന്നവർക്ക് ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നത്. ക്യാമ്പുകളിലെത്തുന്നവർക്ക് ആ ദിവസങ്ങളിലെ ആരോഗ്യപ്രശ്നങ്ങൾക്കോ, അല്ലെങ്കിൽ

സ്ഥിരമായ ആരോഗ്യപ്രശ്നങ്ങൾക്കോ വേണ്ടിയാണ് മരുന്നുകൾ നിർദ്ദേശിക്കപ്പെടേണ്ടത്. പകരം അത് മുൻകൂട്ടി നിശ്ചയിച്ച് നൽകുകയെന്നത് വിശാലാർത്ഥത്തിൽ നടപ്പിലാക്കിയ പ്രോജക്ടിന്റെ അന്ത:സത്തയെ തന്നെ ഇല്ലാതാക്കി.

## 3-13 ക്ഷേമകാര്യ സ്റ്റാൻറിങ്ങ് കമ്മിറ്റി - പ്രവർത്തനങ്ങൾ

ഗ്രാമപഞ്ചായത്തിൻെറ പൊതുവികസന കാഴ്ചപാടിന് അനുസൃതമായി മെച്ചപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. തൻവർഷം പതിനഞ്ച് തവണ ക്ഷേമകാര്യസ്റ്റാൻറിങ്ങ് കമ്മിറ്റി യോഗം ചേർന്നു. വിവിധ പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുവാൻ ഭരണസമിതിയോട് ശുപാർശ ചെയ്തു. വീടിൻെറ മേൽക്കൂര മാറ്റി വയ്ക്കൽ, വിവിധ ഭവനപദ്ധതികൾ , വിവാഹ ധനസഹായം, വിദേശതൊഴിൽ ധനസഹായം, ശാരിരിക മാനസിക വെല്ലുവിളികൾ

നേരിടുന്നവർക്ക് പദ്ധതി, ബഡ്സ് സ്കൂൾ, ആശ്രയപദ്ധതി, അനുപൂരകപോഷകാഹാര പരിപാടി എന്നിവയിൽ തീരുമാനമെടുക്കുവാൻ ഭരണസമിതിയോട് ശുപാർശ ചെയ്തു. കുടുംബശ്രീ പ്രവർത്തനം, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി എന്നിവയിൽ ആവശ്യമായ തിരുമാനമെടുക്കുവാൻ ഭരണസമിതിയോട് ശുപാർശ ചെയ്തു. ഇപ്രകാരം ക്ഷേമകാര്യസ്റ്റാൻറിങ്ങ് സജീവമായ ഇടപെടൽ ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ നടത്തിയിട്ടുണ്ട്.

## 3-14 സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ് തീരുമാനം നടപ്പാക്കിയിട്ടില്ല

നിർവഹണഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

സാമൂഹ്യനീതിയുമായി ബന്ധപ്പെട്ട ( ഭിന്നശേഷിയുള്ളവർ,വൃദ്ധർ,കുട്ടികൾ)വർക്കിങ്ങ്ഗ്രൂപ്പ് പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ താഴെ പറയുന്ന അപാകതകൾകണ്ടു

എ)വർക്കിങ്ങ്ഗ്രൂപ്പ് തിരുമാനം നടപ്പാക്കുന്നതിൽ പരാജയം

അങ്കണവാടികളിൽ മീറ്റിങ്ങ്ഹാൾ, വിദ്യാർത്ഥികൾക്ക് യൂനിഫോം, അങ്കണവാടികളിൽ കിടക്ക അനുവദിക്കുക, കിടപ്പിലായ രോഗികൾക്ക് അംഗനവാടികളിൽ നിന്നു ഭക്ഷണം നൽകൽ എന്നിവ നടപ്പാക്കിയിട്ടില്ല.

ബി) തൻവർഷം വർക്കിങ്ങ്ഗ്രൂപ്പ്,വികസനസെമിനാർ എന്നിവ ശുപാർശ ചെയ്ത താഴെപറയുന്ന തിരുമാനങ്ങൾ നടപ്പാക്കിയിട്ടില്ല.

1)എല്ലാ അങ്കണവാടികളിലും ചുമർ ചിത്രങ്ങൾ

2)ബാലസഭ കുട്ടികൾക്ക് സ്പോർട്സ് ബാന്റ് പരിശീലനം

3) രണ്ട് തവണ കുട്ടികൾക്ക് ഗ്രാമസഭ

4)ഗ്രാമപഞ്ചായത്തിൽ കൗൺസിലിംഗ് സെന്റർ

5)വൃദ്ധർക്ക് പോഷകാഹാരം,ക്ഷേമകേന്ദ്രം ,ടി.വി,പത്രം മെഡിക്കൽ ക്യാമ്പ് , മാസത്തിൽ ഒരിക്കൽ ഡോക്ടറുടെ സേവനം വൃദ്ധർക്ക് ലഭ്യമാക്കൽ എന്നിവയും .

6)അഗതി ആശ്രയ കുടുംബത്തിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകൽ.

7)ഭിന്നശേഷിക്കാർക്ക് വീട്, ടോയ്‌ലറ്റ് എന്നിവ നൽകു മ്പോൾ യുറോപ്യൻ ടോയ്‌ലറ്റ് നൽകുക

8)പൊതു ഇടങ്ങൾ ഭിന്നശേഷിസൗഹൃദമാക്കുക.

9)അംഗനവാടികളിൽ കുട്ടികളെ എത്തിക്കുന്നതിനു കൊഴിഞ്ഞുപോക്ക് തടയുന്നതിനു രക്ഷിതാക്കളെയു പൊതുജനങ്ങളെയു വിദഗ്ദരെയു ഉൾപ്പെടുത്തി ബോധവൽക്കരണ കമ്മിറ്റി രൂപികരിക്കുക.

വർക്കിങ്ഗ്രൂപ്പ് അംഗങ്ങൾ വികസനപ്രശ്നങ്ങളെ ശാസ്ത്രീയമായി മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപഗ്രഥിച്ച് പരിഹാരനിർദ്ദേശങ്ങൾ നിർദ്ദേശിക്കുന്നതിൽ ജാഗ്രത കാണിച്ചിട്ടില്ല.തികഞ്ഞ മുൻകാഴ്ചപ്പാടോടെ ആസൂത്രണ പ്രക്രിയയിൽ ആവശ്യമായ മാറ്റം വരുത്തിയിട്ടില്ല.

## 3-15 ന്യൂട്രിമിക്സ് വിതരണം - ലാബ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

നിർവഹണഉദ്യോഗസ്ഥൻ ഐ.സി.ഡി.എസ്.സൂപ്പർവൈസർ

താഴെ പറയും പ്രകാരം തൻവർഷം ടി എച് ആർ എസ് പദ്ധതിയുടെ ഭാഗമായി ന്യൂട്രിമിക്സ് വാങ്ങിയതിൻെറ വിശദവിവരം താഴെ പറയുന്നു

| ക്രമനമ്പർ | ബിൽനമ്പർ തിയ്യതി | അളവ് കി.ഗ്രാം | തുക |
|---|---|---|---|
| 1 | 2274/14/8/17 | 1750 | 122500 |
| 2 | 2271/5/6/17 | 1377 | 96390 |
| 3 | 2274/26/09/17 | 1406.500 | 98455 |
| 4 | 2284/03/11/17 | 1350 | 94500 |
| 5 | 2286/27/12/17 | 1680 | 117600 |

| | | | |
|---|---|---|---|
| 6 | 2293/17/02/18 | 1650 | 115500 |
| | | total | 647945 |

സാമൂഹ്യക്ഷേമ ഡയരക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010,18.12.2010 പ്രകാരം ഓരാ രണ്ട് മാസത്തിലൊര്ക്കൽ വീതം ന്യൂട്രമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാൻ നിർദ്ദേശിക്കുന്നെങ്കിലും അത്തരത്തിലൊരു ലാബ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 26.12.2017 | 340000 | നെൽകൃഷി വികസനം | 340000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 27.02.2018 | 850000 | പച്ചക്കറികൃഷി വികസനം | 850000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 29.09.2017 | 1100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 29.09.2017 | 100000 | പൂരക പോഷകാഹാരം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 29.09.2017 | 500000 | വനിതാവ്യവസായ കേന്ദ്രം കെട്ടിട നിർമ്മാണം | 0 | 500000 |
| ജില്ലാ പഞ്ചായത്ത് | 29.09.2017 | 200000 | ക്ഷീരഗ്രാമം | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 29.09.2017 | 50000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 50000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 27.02.2018 | 25000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 25000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 26.09.2017 | 75400 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 72210 | 3190 |
| ബ്ലോക്ക് പഞ്ചായത്ത് | 09.03.2018 | 500000 | കുയ്യാട് കുടിവെള്ള പദ്ധതി | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 09.03.2018 | 500000 | പറമ്പിച്ചേരി കുടിവെള്ള പദ്ധതി | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 09.03.2018 | 500000 | എഴുകുളം മേലെ ലക്ഷംവീട് കുടിവെള്ള പദ്ധതി | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 09.03.2018 | 500000 | ശ്മശാനം നവീകരണം | 245016 | 254984 |
| ജില്ലാ പഞ്ചായത്ത് | 21.03.2018 | 2500000 | വനിതാവ്യവസായ കേന്ദ്രം കെട്ടിട നിർമ്മാണം | 0 | 2500000 |
| ജില്ലാ പഞ്ചായത്ത് | 31.03.2018 | 9710 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 0 | 9710 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഇറിഗേഷൻ വകുപ്പ് | പ്രോജക്ട് നം-151/17 തലോടിതാഴംമുണ്ട്യാടി മൂല റോഡ് | | 500000 | 0 | 500000 |
| ഇറിഗേഷൻ വകുപ്പ് | പ്രോജക്ട് നം-114/17 ഈണാറുപൊയിൽ എറിഞ്ഞിലോട്ട്താഴം റോഡ് | | 500000 | 0 | 500000 |
| ഭൂജല വകുപ്പ് | പ്രോജക്ട് നം-185/17 കയ്യാട്ട് കുടിവെള്ള പദ്ധതി കുഴൽ കിണർ | | 31590 | 0 | 31590 |
| ഭൂജല വകുപ്പ് | പ്രോജക്ട് നം-182/17 പറമ്പിച്ചേരി കോളനി കുടിവെള്ള പദ്ധതി കുഴൽ കിണർ | | 36350 | 0 | 36350 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന വായ്പ | സ ഉ (സാധാ) 479/10 /തസ്വഭവ തീയതി- 11.02.2010 | 0 | 71286 | 71286 | | 0 |

## 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 691868 |
| തൻവർഷം നിക്ഷേപിച്ച തുക | 57079 |
| ആകെ | 748947 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 748947 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കോഴിക്കോട് ജില്ലാ കോ-ഓപ് ബാങ്ക്,ബാലുശ്ശേരി ബ്രാഞ്ച് | 748947 |
| ആകെ | 748947 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6,930/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-9(5) | 1250 | ശ്രീ.മൊയ്തീൻ കോയ | 117030101153, 21.07.2017 |
| 2016-17 | 2-9(1) | 1250 | ശ്രീ.വിശ്വനാഥൻ | 117030101224, 27.07.2017 |
| 2016-17 | 2-9(3) | 1250 | ശ്രീ.മണി പി കൊളത്തൂർ | 117030106599, 22.03.2017 |

| | | | | |
|---|---|---|---|---|
| 2016-17 | 2-9(4) | 1250 | ശ്രീ.റിജു എം വി സുദീവം | 117030103544, 25.11.2017 |
| 2016-17 | 2-9(7) | 1250 | ശ്രീ.ഷൈജ്ജു കെ കൊട്ടയാട് | 117030102561, 12.10.2017 |
| 2012-13,2013-14 | 2-1(4) | 480 | പ്രിൻസിപ്പൽ ഫോക്കസ് ഐ ടി സി | 117030103142, 08.11.2017 |
| 2016-17 | 2-6(1) | 100 | ശ്രീ.അബ്ദുൾ ജബ്ബാർ നറക്കോത്ത് | 117030102683, 19.10.2017 |
| 2016-17 | 2-6(3) | 100 | ശ്രീ.സിബിൻ.ബി.കെ | 117030101273, 02.08.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന വയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1998-99 | 21 | 2000-01 | 99 | പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമാണത്തിൽ ക്രമക്കേടുകൾ |
| 2001-02 | 30 | 2003-04 | 7.20 (പൊതുപരാമർശം) | നികുതിപിരിവിൽ അലംഭാവം |
| 2002-03 | 2-2 | 2006-07 | 3.79.2.3 (പൊതുപരാമർശം) | കെട്ടിടവാടകക്കുടിശ്ശിക |
| 2002-03 | 3-2 | 2006-07 | 3.79.13.4 (പൊതുപരാമർശം) | ഫർണീച്ചർ-സിംഗിൾ ക്വട്ടേഷൻ |

| | | | | |
|---|---|---|---|---|
| | | | | പ്രകാരം വാങ്ങി |
| 2002-03 | 3-5 | 2006-07 | 3.79.16.6 (പൊതുപരാമർശം) | രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റൽ |
| 2002-03 | 3-7 | 2006-07 | 3.79.17.3 (പൊതുപരാമർശം) | പെരിങ്ങാട്ടുമല ഐ.എച്ച്.ഡി.പി. കോളനി റോഡ് പ്രവൃത്തി |
| 2002-03 | 3-10 | 2006-07 | 3.79.18.10 (പൊതുപരാമർശം) | കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കിയില്ല. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് നടപടികളുടെ വിവരം -ഇല്ല

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നം | സർചാർജ്ജ് നം. തീയതി | ഖണ്ഡിക നം | തുക |
|---|---|---|---|---|
| 1998-99 | എൽ.എഫ്./പി.എസ്.2 /585/2000<br>തീയതി 07.07.2000 | സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് നം. 7945/സ്പെ.സെൽ/എസ് സി.4/2002 തീയതി- 03.02.2003 | 27,29 | 2186 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60944648 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79487693 |
| വരവിനങ്ങളിലുള്ള നഷ്ടം | 21900 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5376 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 483600 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും |
|---|---|---|
| 3-5 | 5376 | രാജേഷ്.ഇ,അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-11 | 21900 | കെ.സതീദേവി, സെക്രട്ടറി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 483600 | കെ.സതിദേവി,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജേഷ്.ഇ<br>അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ<br>നൻമണ്ട ഗ്രാമപഞ്ചായത്ത് | താഴെ പൂതാളത്ത്,<br>ചെറുകുളത്തൂർ-673008 |
| കെ.സതീദേവി | സെക്രട്ടറി,നൻമണ്ട ഗ്രാമപഞ്ചായത്ത് | കുഴമയിൽ, കുഴിക്കത്തൂർ<br>എം.ഐ.ഇ (പി.ഒ)<br>കുന്ദമംഗലം , 673571 |

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ പേരുവിവരം

| പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.സതിദേവി,സെക്രട്ടറി | സെക്രട്ടറി<br>നൻമണ്ട ഗ്രാമപഞ്ചായത്ത് | കുഴമയിൽ,<br>കുഴിക്കത്തൂർ,<br>എം.ഐ.ഇ(പി ഒ)<br>കുന്നമംഗലം-673571 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 1998-99 | കെ.എസ്.എ..കെ.കെ.ഡി(പി2) 2055/17/03.04.2018 | 3 | 30 എ, 27,29 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി(പി2) 1519/09(13)/05.04.2011 | 1 | 31 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി(പി2) 1519/09(14)/11.11.2010 | 10 | 2-2, 2-3, 3-2. 3-5. 3-6(2),3-7,3-11, 3-12, 3-13, 3-10 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി(പി12) 2060/17/03.04.2018 | 7 | 2-2,2-3, 3-3, 3-4, 3-5, 3-6, 3-7 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി(പി12) 2058/17/03.04.2018 | 4 | 3-5,3-7,3-8,3-9 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി(പി12) 2057/17/26.03.2018 | 5 | 2-3,2-4,3-3, 3-5, 3-6 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി(പി12 2059/17/28.03.2018 | 4 | 3-3, 3-4, 3-6, 3-9 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി(പി12) 2124/17/10.04.2018 | 3 | 3-7, 3-8, 3-16, |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി(പി12) 2120/17/05.04.2018 | 12 | 2-6, 3-2, 3-4, 3-7, 3-13, 3-14, 3-15, 3-18, 3-20, 3-21, 3-22, 3-23 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി(പി12) 2198/17/26.03.2018 | 15 | 1-2, 2-1, 3-2, 3-6, 3-7, 3-8, 3-9, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-20 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി(പി12) 2123/17/05.04.2018 | 12 | 1-3, 1-4(1,2,3), 2-2, 3-1, 3-4, 3-5, 3-7, 3-8, 3-12, 3-13, 3-14,(2), |

| | | | |
|---|---|---|---|
| | | | 3-17 |
| 2011-12 | കെ.എസ്.എ.കെ.കെ.ഡി(പി12) 2121/17/05.04.2018 | 11 | 1-5, 2-2,3-1(1,2,3,4), 3-2(5), 3-4, 3-6, 3-7, 3-8, 3-9, 3-12,3-15 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.കെ.ഡി.(പി 12)/2122/17/16.04.2018 | 15 | 1-10, 3-2, 3-5, 3-6, 3-9, 3-10, 3-11, 3-12, 3-14, 3-15, 3-16, 3-19, 3-22, 3-23, 4-1 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.(പി 12)/2199/17/28.03.2018 | 12 | 2-1, 2-2, 2-3, 3-2, 3-3, 3-5, 3-6, 3-7, 3-9, 3-11, 3-13, 3-18 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.(പി 12)/1017/17/08.12.2017 | 8 | 2-1, 2-2, 2-3, 3-5, 3-6, 3-7, 3-18, 3-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.(പി 12)/2125/17/22.03.2018 | 23 | 2-1, 2-3, 2-4, 2-7, 2-8, 2-9, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നമ്പർ കെ.എസ്.എ.കെ.കെ.ഡി/ഇ.2/1960/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്-20

ഇ-മെയിൽ ddlfakkd@yahoo.in

ഫോൺ; 0495 2371012

തിയ്യതി: 11.10.2018

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നൻമണ്ട ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്